
14
2021
ഒക്ടോബർ
വ്യാഴം
1197
കന്നി 28

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 171 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-171 പേജ് 4. വില 2.00 രൂപ

02 കോവിഡ്19 മരണ സർട്ടിഫിക്കറ്റ്: നടപടിക്രമങ്ങൾ ലളിതമാക്കി
03 രക്ഷിതാവിന് കുട്ടിയുടെ പേരുൾപ്പെടുത്തി ഒരാഴ്ചക്കുള്ളിൽ റേഷൻ കാർഡ് നൽകണം
04 മാനസികാരോഗ്യ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും: മന്ത്രി വീണാ ജോർജ്

# തീരദേശ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു: മുഖ്യമന്ത്രി

തീരദേശ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. കെ ബാബുവിന്റെ അടിയന്തരപ്രമേയത്തിനുള്ള മറുപടിയിലാണ് മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞത്.

തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നത് പരിസ്ഥിതി വകുപ്പാണ്. നിലവിലുള്ള നിയമപ്രകാരം തീരദേശപരിപാലന കരട് വിജ്ഞാപനം തയ്യാറാക്കേണ്ടതുണ്ട്. അതിനുശേഷം പൊതുജനങ്ങൾക്കു മുമ്പാകെ ഇത് അവതരിപ്പിച്ച് അവരുടെ അഭിപ്രായം സ്വീകരിക്കേണ്ടതുണ്ട്. ഇതിന് ഏറ്റവും ചുരുങ്ങിയത് നോട്ടീസ് നൽകി ഒരു മാസത്തെ സമയമെങ്കിലും ഇക്കാര്യത്തിൽ അനുവദിക്കേണ്ടതുണ്ട്. അതിനുശേഷം ഓരോ ജില്ലയിലും പൊതുജനങ്ങളെ കേൾക്കേണ്ടതുണ്ട്. ഇതിന് സാധാരണ നിലയിൽ രണ്ട് മാസത്തോളം സമയമെടുക്കും.

ഈ അഭിപ്രായങ്ങൾ സ്വീകരിച്ച് കരട് പ്ലാനിൽ ഭേദഗതി വരുത്തി കേന്ദ്രസർക്കാരിന്റെ ടെക്നിക്കൽ സ്ക്രൂട്ടണിംഗ് കമ്മിറ്റിയുടെ പരിശോധനക്ക് സമർപ്പിക്കണം. ആ കമ്മിറ്റി നിർദ്ദേശിക്കുന്ന ശുപാർശകൾ കൂടി പരിഗണിച്ച് കരട് പ്ലാൻ ഭേദഗതി ചെയ്ത് സംസ്ഥാന സർക്കാരിന്റെ ശുപാർശയോടെ കേന്ദ്ര സർക്കാരിന് സമർപ്പിക്കണം. ഇത്രയും നടപടിക്രമങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ സംസ്ഥാനത്തിന്റെ അന്തിമ പ്ലാൻ കേന്ദ്രസർക്കാരിന് സമർപ്പിക്കാൻ കഴിയൂ.

ഇത്തരമൊരു നീണ്ട പ്രക്രിയയാണ് ഇതിനു പിന്നിലുള്ളതെന്നതിനാൽ ഏറെ സമയം വേണ്ട ഒരു പ്രക്രിയയാണിത്. ഇപ്പോൾ വിജ്ഞാപനം ഇറക്കുന്നതിന് വൈകിയെന്ന വിമർശനമുന്നയിക്കുമ്പോൾ നാം ഉൾക്കൊള്ളേണ്ടത് കഴിഞ്ഞ വിജ്ഞാപനം തയ്യാറാക്കുന്നതിന് എട്ട് വർഷമെടുത്തുവെന്നതും നാം വിസ്മരിക്കരുത്.



നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ സർക്കാരിന്റെ പ്രവർത്തനവും ജനജീവിതവും കഴിഞ്ഞ രണ്ടു വർഷമായി സുഗമമായല്ല കോവിഡിന്റെ പശ്ചാത്തലത്തിൽ നടക്കുന്നത്. പബ്ലിക് ഹിയറിംഗ് പോലുള്ള ഒരു രീതിയിലേക്ക് ഈ സാഹചര്യത്തിൽ കടക്കുക എന്നത് പ്രയാസകരമാണ് എന്ന് എല്ലാവർക്കുമറിയാം. ഇത്തരം കാര്യങ്ങളിൽ നിന്നും നാം മനസ്സിലാക്കേണ്ട പ്രധാന കാര്യം പബ്ലിക് ഹിയറിംഗാണ് കരട് വിജ്ഞാപനം പൂർത്തിയാക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട ഘടകം. അത് നടത്താനാവുന്ന സാഹചര്യമല്ല നിലവിലുണ്ടായിരുന്നതെന്ന് എല്ലാവർക്കുമറിയാം. എന്നാൽ, സാഹചര്യങ്ങൾ അനുകൂലമായാൽ ഉടൻതന്നെ സംസ്ഥാന സർക്കാർ ആവശ്യമായ നടപടിക്രമങ്ങളിലേക്ക് യാതൊരു കാലവിളംബവും കൂടാതെ മുന്നോട്ടുപോവുകയാണ് ചെയ്തത്.

2011ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്രസർക്കാർ 18.01.2019ൽ വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും ഇത് സംബന്ധിച്ച മാർഗ്ഗരേഖ സംസ്ഥാനത്തിന് ലഭിച്ചത് 2019 ജൂൺ മാസമാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതിവനംകാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന് സമർപ്പിച്ച് അംഗീകാരം നേടുന്നതിനുള്ള പ്രവർത്തനമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

അതിന്റെ ഭാഗമായി തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20.08.2019 ലെ ഉത്തരവ് പ്രകാരം കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. ഇതിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് 2021 ഏപ്രിൽ മാസത്തിൽ പ്രീഡ്രാഫ്റ്റ് ലഭിച്ചപ്പോൾ തന്നെ കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ധ സമിതി രൂപീകരിച്ച് 01.07.2021ൽ സംസ്ഥാന സർക്കാർ ഉത്തരവായത്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ധരായ ശ്രീ.പി.ഇ സഡ്. തോമസ്, അഡ്വ.പി.ബി. സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ.

ആദ്യ കരട് തീരദേശ പരിപാലന പദ്ധതി വിദഗ്ധ സമിതി പരിശോധിക്കുകയും താഴെപ്പറയുന്ന മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

1) കേരളത്തിലെ മിക്ക ഗ്രാമപഞ്ചായത്തുകളും നാഗരിക സ്വഭാവമുള്ളവയും 2011 സെൻസസ് നിർവചന പ്രകാരമുള്ള നഗരങ്ങൾ എന്ന നിർവചനത്തിൽ ഉൾപ്പെടുന്നുവയുമാണ്. സർക്കാർ ഇത്തരം ഗ്രാമപഞ്ചായത്തുകളെ തരംതിരിച്ച് നഗരപ്രദേശങ്ങളായി പുനർനാമകരണം ചെയ്യേണ്ടതാണ്. പ്രസ്തുത ഗ്രാമപഞ്ചായത്തുകളെ നഗരങ്ങളായി വിജ്ഞാപനം ചെയ്തശേഷം ഇവയെ C-R-Z- I-I-I കാറ്റഗറിയിൽ നിന്നും C-R-Z – I-I കാറ്റഗറിയിലേക്ക് മാറ്റേണ്ടതാണ്. ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് 245 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നഗരപ്രദേശങ്ങളായി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ നിന്നും 161 ഓളം തീരദേശ പഞ്ചായത്തുകൾക്ക് ഫലം ലഭിക്കുന്നതാണ്.

2) പൊക്കാളി പാടങ്ങളുടെ കാര്യത്തിൽ വേലിയേറ്റ രേഖ ബണ്ടുകളിൽ നിജപ്പെടുത്തേണ്ടതാണ്. ബണ്ടുകൾക്കപ്പുറത്തേക്ക് വേലിയേറ്റ രേഖ നീട്ടുകയും ചെയ്യരുത്.

3) സർക്കാർ ഭൂമിയിലെ 1,000 ചതുരശ്രമീറ്റർ മാത്രം വിസ്തൃതിയുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമായി ബഫർ സോൺ 50 മീറ്ററായി പരിമിതപ്പടുത്തുകയും വേണം. സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്യേണ്ടതുമാണ്.

സമിതിയുടെ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തുകളെ ഇഞ്ഞട III കാറ്റഗറിയിൽ നിന്നും C-R-Z - I-I കാറ്റഗറിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 06.10.2021 ൽ ജി.ഒ.(എം.എസ്) 226/2021/ തദ്ദേശസ്വയംഭരണ വകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പൊതുഉത്തരവിലെ 245 ഗ്രാമപഞ്ചായത്തുകളാണ് ഇഞ്ഞട ന്റെ പരിധിയിൽ വരുന്നത്. അതിൽ 161 പഞ്ചായത്തുകൾ CRZ - III യിൽ നിന്ന് CRZ - II കാറ്റഗറിയിലേക്ക് മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ ബിൽറ്റ് അപ്പ് പ്ലോട്ട് ഏരിയ കണക്കാക്കുന്നതിന് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പൊക്കാളി പാടങ്ങളുടെ കാര്യത്തിൽ വേലിയേറ്റ രേഖ ബണ്ടുകളിൽ നിജപ്പെടുത്തുന്നത് സംബന്ധിച്ച് C-R-Z വിജ്ഞാപനത്തിൽ ഭേദഗതി വരുത്തുന്നതിന് 28.09.2021 ൽ K-er-a-l-a Coastal Zone Management Authortiy (KCZMA ) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ശിപാർശ ചെയ്തിട്ടുണ്ട്.

KCZMA നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡ്രാഫ്റ്റ് പ്ലാനിൽ തിരുത്തലുകൾ വരുത്തുന്ന നടപടി ദേശീയ ഭൗമശാസ്ത്ര പഠനകേന്ദ്രം നടത്തിവരുന്നു.

2019 ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറായി കഴിഞ്ഞാൽ തീരദേശ പരിപാലന പ്ലാനിൽ ഉൾപ്പെടുന്ന പത്ത് തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പ്രസ്തുത പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ച് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ സാങ്കേതിക പരിശോധന കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ആവശ്യമായ തിരുത്തലോടെ കരട് തീരദേശ പരിപാലന പ്ലാൻ ടെക്നിക്കൽ കമ്മിറ്റി സമർപ്പിക്കുകയും ചെയ്യും.

തുടർന്ന് സംസ്ഥാന സർക്കാർ പ്രസ്തുത പ്ലാൻ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്കും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനും സമയബന്ധിതമായി സമർപ്പിക്കുന്നതാണ്. ചുരുങ്ങിയത് ആറു മാസം ഇതിനായി വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ യാതൊരു കാലതാമസവും വരുത്തുന്നില്ല.

വേമ്പനാട്ട് കായലിനായുള്ള പ്രത്യേക സമഗ്ര പദ്ധതി സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ മുഖാന്തിരം പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ആദ്യ വർഷത്തെ പ്രവർത്തനങ്ങൾക്കായി 140.75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കാച്ച്മെന്റ് ഏരിയ കൺസർവേഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ജലത്തിന്റെ ഗുണമേന്മ, എക്കൽ അടിയുന്നത് എന്നിവ നിരന്തരം മേൽനോട്ടത്തിന് വിധേയമാക്കുന്നുണ്ട്.

ഇതോടൊപ്പം സമഗ്രമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി തണ്ണീർത്തട അതോറിറ്റിക്ക് വേണ്ടി വെസ്റ്റ് ലാന്റ് ഇന്റർനാഷണൽ സൗത്ത് ഏഷ്യയുടെ പ്രൊപ്പോസൽ സമർപ്പിച്ചത് സർക്കാ

## ഉത്ര വധക്കേസിൽ സൂരജിന് ഇരട്ട ജീവപര്യന്തം

കൊല്ലം: കേരളമനഃസാക്ഷിയെ ഞെട്ടിച്ച ഉത്ര വധക്കേസിൽ പ്രതിയായ ഭർത്താവ് സൂരജിന് ഇരട്ട ജീവപര്യന്തം തടവ് ശിക്ഷ വിധിച്ചു. കൂടാതെ അഞ്ച് ലക്ഷം രൂപ പിഴയും വിധിച്ചു. അപൂർവങ്ങളിൽ അപൂർവമായ കേസെന്ന് കോടതി നിരീക്ഷിച്ചു. കൊല്ലം അഡീഷണൽ സെഷൻസ് കോടതി ജഡ്ജി എം. മനോജാണ് ശിക്ഷ വിധിച്ചത്.



കൊലക്കുറ്റത്തിനും വധശ്രമത്തിനുമായാണ് ഇരട്ട ജീവപര്യന്തം വിധിച്ചത്. തെളിവ് നശിപ്പിച്ചതിന് ഏഴു വർഷം തടവും വിഷവസ്തു ഉപയോഗിച്ച് ഉപദ്രവിച്ചതിന് 10 വർഷം തടവും അനുഭവിക്കണം. ഈ രണ്ടു കുറ്റങ്ങൾക്കുള്ള 17 വർഷം തടവ് അനുഭവിച്ചതിനുശേഷം ഇരട്ടജീവപര്യന്തവും അനുഭവിക്കണം.

സൂരജിൻറെ പ്രായം കൂടി പരിഗണിച്ചാണ് വധശിക്ഷ ഒഴിവാക്കിയത്. കൊലപാതകം, കൊലപാതകശ്രമം, തെളിവു നശിപ്പിക്കൽ തുടങ്ങി പ്രോസിക്യൂഷൻ ചുമത്തിയ അഞ്ചിൽ നാല് കുറ്റങ്ങളും തെളിയിക്കപ്പെട്ടിരുന്നു. ഗൂഢാലോചനയോടെയുള്ള കൊലപാതകം (302), നരഹത്യാശ്രമം (307), കഠിനമായ ദേഹോപദ്രവം (326), വനംവന്യജീവി ആക്ട് (115) എന്നിവ പ്രകാരമാണ് കേസെടുത്തിരുന്നത്.

2020 മേയ് ഏഴിന് രാവിലെ എട്ടോടെയാണ് അഞ്ചൽ ഏറം സ്വദേശിനിയായ ഉത്രയെ വീട്ടിലെ കിടപ്പുമുറിയിൽ മൂർഖൻപാമ്പിൻറെ കടിയേറ്റു മരിച്ച നിലയിൽ കണ്ടെത്തിയത്. പാമ്പ് പിടിത്തക്കാരനായ സുരേഷിൻറെ കൈയിൽനിന്നാണ് സൂരജ് മൂർഖനെ വാങ്ങിയത്. ഇതിനു മുൻപ് അടൂർ പറക്കോട്ടുള്ള സൂരജിൻറെ വീട്ടിൽ അണലിയെക്കൊണ്ട് ഉത്രയെ കടിപ്പിച്ചിരുന്നു.

2020 മേയ് 21 ന് ഉത്രയുടെ വീട്ടുകാർ മരണത്തിൽ ദുരൂഹത ആരോപിച്ച് പോലീസിൽ പരാതി നൽകി. തൊട്ടടുത്ത ദിവസം റൂറൽ എസ്പി ഹരിശങ്കറിനെയും പരാതിയുമായി സമീപിച്ചു. തുടർന്നു നടത്തിയ അന്വേഷണത്തിലാണു കൊലപാതകമാണെന്നു കണ്ടെത്തിയത്.

മേയ് 23ന് സൂരജിനെയും സുരേഷിനെയും അന്വേഷണസംഘം അറസ്റ്റ് ചെയ്തു. ജൂലൈ 14ന് നടത്തിയ തെളിവെടുപ്പിനിടെ ഉത്രയെ കൊന്നത് താൻ തന്നെയാണെന്ന് സൂരജ് പരസ്യമായി കുറ്റസമ്മതം നടത്തി.

2020 ജൂലൈ 18 ന് ഉത്രയുടെ ആന്തരികാവയവങ്ങളുടെ പരിശോധനയിൽ മൂർഖൻറെ വിഷത്തോടൊപ്പം മയക്കുഗുളികയുടെ സാന്നിധ്യവും കണ്ടെത്തിയത് കേസിൽ നിർണായകമായി. സുരേഷിനെ മാപ്പുസാക്ഷിയാക്കി. 87 സാക്ഷികളും 288 രേഖകളും 40 തൊണ്ടിമുതലുകളുമാണു കേസിലുള്ളത്.

## കോവിഡ് : മരിച്ചവരുടെ ആശ്രിതർക്ക് മാസം തോറും 5000രൂപ

തിരുവനന്തപുരം: കോവിഡ് ബാധിച്ച് മരിച്ച ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കുടുംബങ്ങൾക്ക് പ്രതിമാസം 5,000 രൂപ വീതം സമാശ്വാസ ധനമായി നൽകാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. മൂന്നു വർഷത്തേക്കാണ് തുക ആശ്രിതരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുക.

ആശ്രിത കുടുംബത്തിൽ സർക്കാർ ജീവനക്കാരോ ആദായ നികുതിദായകരോ ഇല്ലെന്ന് വില്ലേജ് ഓഫീസർ ഉറപ്പുവരുത്തും. സംസ്ഥാനത്തിന് അകത്തോ പുറത്തോ രാജ്യത്തിന് പുറത്തോ മരണപ്പെടുകയാണെങ്കിലും കുടുംബം സംസ്ഥാനത്ത് സ്ഥിര താമസമാക്കിയിട്ടുണ്ടെങ്കിൽ ആനുകൂല്യം നൽകും.

ബിപിഎൽ വിഭാഗത്തിൽ ഉൾപ്പെടുത്താൻ നിശ്ചയിക്കുന്പോൾ മരിച്ചയാളുടെ വരുമാനം ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്. നിലവിൽ നൽകാൻ തീരുമാനിച്ച 50,000 രൂപയ്ക്കു പുറമേയാണു സമാശ്വാസം നൽകുക.

സാമൂഹികക്ഷേമ, ക്ഷേമനിധി, മറ്റു പെൻഷനുകൾ ലഭിക്കുന്ന ആശ്രിതർക്കും സഹായ ധനത്തിന് അർഹതയുണ്ടാകും. ഒറ്റ പേജിൽ തയാറാക്കി സമർപ്പിക്കാവുന്ന അപേക്ഷാഫോറം ഇതിനായി സജ്ജമാക്കാൻ ജില്ലാകളക്ടർമാർക്കും റവന്യൂ അധികൃതർക്കും നിർദേശം നൽകും.

അപേക്ഷ നൽകി 30 പ്രവൃത്തി ദിവസത്തിനകം ആനുകൂല്യം നൽകണം. അപേക്ഷ തീർപ്പാക്കുന്നതിന് അപേക്ഷകരെ ഓഫീസിൽ വിളിച്ചുവരുത്തുന്ന സ്ഥിതി ഉണ്ടാകരുതെന്നും നിർദേശിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തുന്നതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകും

## കെ റെയിൽ: ആശങ്ക ഉണ്ടാക്കരുതെന്ന് പിണറായി, മുഖ്യമന്ത്രിയുടെ വാദം തള്ളി പ്രതിപക്ഷം

തിരുവനന്തപുരം: കെ റെയിൽ പദ്ധതിയിൽ അനാവശ്യ ആശങ്ക ഉണ്ടാക്കരുതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നാടിൻറെ പൊതു വികസനത്തിന് ഒരുമിച്ച് നിൽക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. നിയമസഭയിൽ പ്രതിപക്ഷത്തിൻറെ അടിയന്തര പ്രമേയത്തിന് മറുപടി നൽകുകയായിരുന്നു മുഖ്യമന്ത്രി. പ്രതിപക്ഷത്തുനിന്നും എം.കെ. മുനീർ എംഎൽഎയാണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്.

പദ്ധതിയുടെ പേരിൽ ആരുടെയും ഭൂമി കവർന്നെടുക്കില്ലെന്നും മുഖ്യമന്ത്രി ഉറപ്പ് നൽകി. ഗ്രാമങ്ങളിൽ നാലിരട്ടി നഷ്ടപരിഹാരം നൽകും. നഗരങ്ങളിൽ രണ്ടിരട്ടി നഷ്ടപരിഹാരവും നൽകും. ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവേ നടപടികൾ പുരോഗമിക്കുകയാണ്. ആശങ്ക പരത്തുന്ന പ്രചാരണങ്ങൾ ഒഴിവാക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

അതേസമയം ജനങ്ങളുടെ ആശങ്കയാണ് പങ്കുവയ്ക്കുന്നതെന്ന് പ്രതിപക്ഷം സഭയിൽ വ്യക്തമാക്കി. എന്തിനെയും എതിർക്കുന്നവരെന്ന തൊപ്പി സ്വന്തം തലയിൽ വെച്ചാൽ മതിയെന്ന് വി.ഡി. സതീശൻ പറഞ്ഞു. എന്തിനെയും എതിർക്കുന്നവരാണ് പ്രതിപക്ഷമെന്ന മുഖ്യമന്ത്രിയുടെ പരാമർശത്തിനായിരുന്നു സതീശൻറെ മറുപടി. പരിസ്ഥിതി ആഘാത പഠനം നടത്തിയെന്ന മുഖ്യമന്ത്രിയുടെ വാദവും പ്രതിപക്ഷം തള്ളി. സിൽവർ ലൈൻ പദ്ധതിക്ക് ബദൽമാർഗം കണ്ടെത്താൻ പ്രതിപക്ഷം തയാറാണെന്നും എം.കെ. മുനീർ പറഞ്ഞു. എന്നാൽ പദ്ധതിയുമായി മുന്നോട് പോകുകയാണെന്ന് മുഖ്യമന്ത്രി ആവർത്തിച്ചു. അക്കാര്യത്തിൽ മാറ്റമില്ല. പദ്ധതിയുടെ ഭാഗമായി 9314 കെട്ടിടങ്ങൾ മാത്രമാണ് ഏറ്റെടുക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയുടെ കണക്കുകൾ തെറ്റാണെന്നും പ്രതിപക്ഷം വാദിച്ചു. ഇരുപതിനായിരത്തിലധികം കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ടിവരും. മുഖ്യമന്ത്രിയുടെ മറുപടി നിരാശജനകമാണെന്നും പ്രതിപക്ഷം പറഞ്ഞു.

മുഖ്യമന്ത്രിയുടെ മറുപടിയോടെ അടിയന്തര പ്രമേയത്തിന് സ്പീക്കർ അനുമതി നിഷേധിച്ചു. ഇതോടെ പ്രതിപക്ഷം സഭയിൽനിന്നും ഇറങ്ങിപ്പോയി.



തിരുവനന്തപുരം ആനയറ സമേതിയിൽ നടന്ന കൃഷിഗീത ശിൽപശാലയുടെ സമാപന സമ്മേളനം കൃഷി മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യുന്നു.

# പി.ആർ.ഡി പ്രിസം പദ്ധതിയിൽ 17 വരെ അപേക്ഷിക്കാം

## സബ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ്, കണ്ടന്റ് എഡിറ്റർ ഒഴിവുകൾ

ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പിന്റെ സംയോജിത വികസന വാർത്താ ശൃംഖല പദ്ധതിക്കായി (പ്രിസം) സബ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ്, കണ്ടന്റ് എഡിറ്റർ എന്നിവരുടെ പാനൽ രൂപീകരിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലാണ് പാനൽ രൂപീകരിക്കുക. ഉദ്യോഗാർത്ഥികൾ സിഡിറ്റിന്റെ റിക്രൂട്ട്മെന്റ് പോർട്ടലായ ഠഠഠ.രമൃലലൃ.െരറശ.േ്യഴ യിലെ നോട്ടിഫിക്കേഷൻ ലിങ്കിൽ ക്ളിക്ക് ചെയ്ത് ഒക്ടോബർ 17നകം അപേക്ഷിക്കണം. ബയോഡാറ്റ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ, ഫോട്ടോ എന്നിവ സൈറ്റിൽ അപ്ലോഡ് ചെയ്യണം. സൈറ്റിൽ വിവരം നൽകി കഴിഞ്ഞാൽ മാറ്റം അനുവദിക്കില്ല.

ജേർണലിസം ബിരുദാനന്തരബിരുദം അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം/ പി. ആർ/ മാസ് കമ്മ്യൂണിക്കേഷൻ ഡിപ്ളോമയും അല്ലെങ്കിൽ, ജേർണലിസം/ പബ്ളിക് റിലേഷൻസ്/മാസ് കമ്യൂണിക്കേഷനിൽ അംഗീകൃത ബിരുദമോ തത്തുല്യമോ ഉള്ളവർക്ക് സബ് എഡിറ്റർ പാനലിൽ അപേക്ഷിക്കാം. പത്ര ദൃശ്യമാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പി. ആർ, വാർത്താ വിഭാഗങ്ങളിലോ രണ്ടു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടാവണം.

ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം/ പി. ആർ/ മാസ് കമ്മ്യൂണിക്കേഷൻ ഡിപ്ലോമയും അല്ലെങ്കിൽ ജേർണലിസം/ പബ്ളിക് റിലേഷൻസ്/മാസ് കമ്യൂണിക്കേഷനിൽ അംഗീകൃത ബിരുദമോ തത്തുല്യമോ ആണ് കണ്ടന്റ് എഡിറ്ററുടെയും ഇൻഫർമേഷൻ അസിസ്റ്റന്റിന്റെയും യോഗ്യത. പത്ര ദൃശ്യമാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പി. ആർ, വാർത്താ വിഭാഗങ്ങളിലോ ഒരു വർഷത്തെ പ്രവൃത്തി പരിചയം ഇൻഫർമേഷൻ അസിസ്റ്റന്റിന് ഉണ്ടാവണം. പത്ര ദൃശ്യമാധ്യമങ്ങളിലോ വാർത്താ ഏജൻസികളിലോ ഓൺലൈൻ മാധ്യമങ്ങളിലോ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പി. ആർ, വാർത്താ വിഭാഗങ്ങളിലോ സമൂഹ മാധ്യമ വിഭാഗങ്ങളിലോ രണ്ടു വർഷത്തെ പ്രവൃത്തി പരിചയം കണ്ടന്റ് എഡിറ്റർ പാനലിൽ അപേക്ഷിക്കുന്നവർക്ക് ഉണ്ടായിരിക്കണം. ഇവർക്ക് സമൂഹമാധ്യമങ്ങളിൽ കണ്ടന്റ് ജനറേഷനിൽ പരിചയം ഉണ്ടാവണം. ഡിസൈനിംഗിൽ പ്രാവീണ്യമുള്ളവർക്ക് മുൻഗണന ലഭിക്കും. മൂന്നു പാനലിലും അപേക്ഷിക്കുന്നവർ മലയാളം ടൈപ്പിങ് അറിഞ്ഞിരിക്കണം. സബ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ് പാനലുകളിൽ അപേക്ഷിക്കുന്നവർക്ക് കണ്ടന്റ് എഡിറ്റർ യോഗ്യതയുണ്ടെങ്കിൽ അതിനും അപേക്ഷിക്കാം. എന്നാൽ സബ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റന്റ് പാനലിൽ ഒന്നിൽ മാത്രമേ അപേക്ഷിക്കാനാകൂ. കണ്ടന്റ് എഡിറ്ററുടെ പരീക്ഷ ഓൺലൈനിലായിരിക്കും നടത്തുക. മറ്റു രണ്ട് പാനലിലും ജില്ലാതലത്തിൽ പരീക്ഷ നടക്കും. ഒക്ടോബർ 26 നാണ് എഴുത്തുപരീക്ഷ. ഒരു ജില്ലയിലേക്ക് മാത്രമേ അപേക്ഷിക്കാനാകൂ.

35 വയസാണ് പ്രായപരിധി. 21,780 രൂപയാണ് സബ് എഡിറ്ററുടെ പരമാവധി പ്രതിമാസ പ്രതിഫലം. 17,940 രൂപ ആണ് കണ്ടന്റ് എഡിറ്ററുടെ പരമാവധി പ്രതിഫലം. 16940 രൂപയാണ് ഇൻഫർമേഷൻ അസിസ്റ്റന്റിന്റെ ഒരു മാസത്തെ പരമാവധി പ്രതിഫലം. വിശദാംശങ്ങൾ ഠഠഠ.്യൂറ.സലൃമഹമ.ഴീ.ശിൽ ലഭിക്കും.

# കോവിഡ്19 മരണ സർട്ടിഫിക്കറ്റ്: നടപടിക്രമങ്ങൾ ലളിതമാക്കി

കോവിഡ് 19 ബാധിച്ച് മരണമടഞ്ഞവരുടെ ഐ.സി.എം.ആർ അംഗീകരിച്ച മരണസർട്ടിഫിക്കറ്റ് തൊട്ടടുത്തുള്ള സർക്കാർ ആശുപത്രി/പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവിടങ്ങളിലൂടെ ലഭിക്കും. സർട്ടിഫിക്കറ്റ് ലഭ്യമാണോ എന്ന് https://covid19.kerala.giv.in/deathinfo പരിശോധിക്കാം. ലഭ്യമല്ലായെങ്കിൽ ഇതേ സൈറ്റിൽ 'app-e-a-l r-equ-e-st' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് അപ്പീൽ സമർപ്പിക്കാം. മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുക്കളിൽ ഒരാളായിരിക്കണം അപ്പീൽ സമർപ്പിക്കേണ്ടത്.

അപ്പീൽ സമർപ്പിക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച മരണ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. അപ്പീൽ സമർപ്പിക്കുന്ന വ്യക്തി സ്വന്തം ഫോൺ നമ്പർ നൽകണം. തുടർന്ന് ലഭിക്കുന്ന ഒ.റ്റി.പി. തിരികെ നൽകി വെരിഫിക്കേഷൻ പൂർത്തിയായശേഷം മരണമടഞ്ഞ വ്യക്തിയെ സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ ക്രമാനുഗതമായി നൽകണം.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്നും ലഭച്ച മരണ സർട്ടിഫിക്കറ്റിന്റെ നമ്പർ, മരണ സർട്ടിഫിക്കറ്റിലേതുപോലെ പേര്, വയസ്, ലിംഗം, പിതാവിന്റെ/മാതാവിന്റെ/ഭർത്താവിന്റെ പേര്, ആശുപത്രിയിൽ നൽകിയ ഫോൺ നമ്പർ, സ്ഥിരമായ മേൽവിലാസം, ജില്ല, തദ്ദേശ സ്വയംഭരണ സ്ഥാപനം, മരണതീയതി, മരണസ്ഥലം, മരണം നടന്ന ജില്ല, മരണ സർട്ടിഫിക്കറ്റ് നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്, മരണം സ്ഥിരീകരിച്ച ആശുപത്രിയുടെ പേര്.

മരണസർട്ടിഫിക്കറ്റ്, മറ്റ് ആശുപത്രി രേഖകൾ എന്നിവ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യണം. അപ്പീൽ സമർപ്പിക്കുന്ന വ്യക്തിയെ സംബന്ധിച്ച വിവരങ്ങളും നൽകണം. തുടർന്ന് 'അപ്പീൽ വിജയകരമായി സമർപ്പിച്ചു' എന്ന സന്ദേശം ലഭിക്കും. അപേക്ഷകന്റെ ഫോണിലേക്ക് ഒരു ആപ്ലിക്കേഷൻ നമ്പരും ലഭിക്കും. ഈ നമ്പർ ഉപയോഗിച്ച് അപ്പീൽ അപേക്ഷയുടെ പുരോഗതി അറിയാനും കഴിയും.

സമർപ്പിച്ച അപ്പീൽ, രേഖകളിലെ കൂട്ടിച്ചേർക്കലിനായി ആദ്യം മരണം നടന്ന ആശുപത്രിയിലേക്ക് അയക്കും. തുടർന്ന് ജില്ലാതല കോവിഡ് മരണ പരിശോധനാസമിതി ഈ അപ്പീൽ അപേക്ഷയിൽ തീരുമാനം എടുക്കുകയും വിവരം അപേക്ഷകന് ഫോണിലേക്ക് സന്ദേശമായി നൽകും. തുടർന്ന് പുതിയ സർട്ടിഫിക്കറ്റ് അപ്പീൽ നൽകിയ വ്യക്തിക്ക് ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനത്തിൽ നിന്നും കൈപ്പറ്റാം. അക്ഷയ കേന്ദ്രം വഴിയും സേവനം ലഭ്യമാകും.

# വനിതാസംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം

ജില്ലാ പഞ്ചായത്തിന്റെ 2021 22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഗൃഹശ്രീ പദ്ധതി പ്രകാരം വനിതകൾക്ക് വ്യക്തിഗതമായി വീടുകൾ കേന്ദ്രീകരിച്ച് സംരംഭങ്ങൾ ആരംഭിക്കുന്നതിനും മൂന്ന് അംഗങ്ങൾ ഉൾപ്പെട്ട ഗ്രൂപ്പ് സംരംഭങ്ങൾക്ക് സ്വയംപ്രഭ പദ്ധതി പ്രകാരവും സബ്സിഡി അനുവദിക്കുന്നു. 18 നും 60 നും ഇടയിൽ പ്രായമുള്ള ബി.പി.എൽ വിഭാഗത്തിലുള്ള വനിതകളുടെ വ്യക്തിഗത സംരംഭങ്ങൾക്ക് പരമാവധി തുകയായ 75,000 രൂപയും എ. പി. എൽ വിഭാഗക്കാർക്ക് പരമാവധി തുകയായ 50,000 രൂപയുമാണ് സബ്സിഡി. വീടുകൾ കേന്ദ്രീകരിച്ചോ വ്യവസായ വാണിജ്യ കെട്ടിടങ്ങളിലോ ചെറുകിട ഉദ്പാദന സേവന സംരംഭങ്ങൾ ആരംഭിക്കുന്നവരായിരിക്കണം അപേക്ഷകർ. ബി.പി.എൽ വിഭാഗത്തിലുള്ളവരുടെ മൂന്ന് അംഗങ്ങൾ ഉൾപ്പെട്ട ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി രണ്ടു ലക്ഷം രൂപ വരെയും എ.പി.എൽ, ബി.പി.എൽ വിഭാഗത്തിലുള്ളവർ അംഗങ്ങളായ ഗ്രൂപ്പുകൾക്ക് പരമാവധി ഒന്നരലക്ഷം രൂപ വരെയും സബ്സിഡി ലഭിക്കുന്നു. പദ്ധതിരേഖ, തിരിച്ചറിയൽ രേഖ, യോഗ്യത തെളിയിക്കുന്ന രേഖകൾ എന്നിവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് മുഖേനയോ ജില്ലാ പഞ്ചായത്തിൽ നേരിട്ടോ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഫോൺ 04742748395, 9446108519.

# ഗസ്റ്റ് ഇൻസ്ട്രക്ടർ അഭിമുഖം

മനയിൽകുളങ്ങര സർക്കാർ വനിതാ ഐ.ടി.ഐയിൽ മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക് അപ്ലയൻസസ്, സ്റ്റെനോഗ്രാഫർ ആൻഡ് സെക്രട്ടറിയേൽ അസിസ്റ്റന്റ് എന്നീ ട്രേഡുകളിലേക്ക് ഗസ്റ്റ് ഇൻസ്ട്രക്ടറെ തിരഞ്ഞെടുക്കുന്നതിനുള്ള അഭിമുഖം ഒക്ടോബർ 18 രാവിലെ 10 മണിക്ക് ഐ.ടി.ഐയിൽ നടക്കും. മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക് അപ്ലയൻസസ് ട്രേഡിന് ബിടെക് ഡിഗ്രിയും ഒരു വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ ഡിപ്ലോമയും രണ്ട് വർഷത്തെ പ്രവൃത്തി പരിചയവും അല്ലങ്കിൽ ഈ ട്രേഡിലുള്ള എൻ.ടി.സി/ എൻ.എ.സി മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം ആണ് യോഗ്യത.

സ്റ്റെനോഗ്രാഫർ ആൻഡ് സെക്രട്ടേറിയൽ അസിസ്റ്റന്റിന് കൊമേഴ്സ്/ആർട്സ് ബിരുദം, ഷോർട്ട് ഹാൻഡ് ടൈപ്പിംഗ്, ഒരു വർഷത്തെ പ്രവൃത്തിപരിചയം അല്ലെങ്കിൽ കൊമേഷ്യൽ പ്രാക്ടീസിലുള്ള ഡിപ്ലോമയും രണ്ടു വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. എൻ.ടി.സി/എൻ.എ.സി മൂന്നു വർഷത്തെ പ്രവൃത്തിപരിചയമുള്ളവർക്കും രണ്ട് തസ്തികളിലേക്കും അപേക്ഷിക്കാം.

യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ എന്നിവ സഹിതം ഹാജരാകണം. ഫോൺ : 0474 2793714.

# അന്താരാഷ്ട്ര ദുരന്തലഘൂകരണ ദിനാചരണം സ്കൂൾതലത്തിൽ നീന്തൽ പരിശീലനം ആരംഭിക്കും: മന്ത്രി ജെ. ചിഞ്ചു റാണി

മുങ്ങിമരണങ്ങൾ സംഭവിക്കാതിരിക്കാനുള്ള മുൻകരുതലായി സ്കൂൾതലത്തിൽ നീന്തൽ പരിശീലനം തുടങ്ങുമെന്ന് മൃഗസംരക്ഷണ ക്ഷീര വികസനവകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി പറഞ്ഞു. അന്താരാഷ്ട്ര ദുരന്തലഘൂകരണ ദിനാചരണത്തിന്റെ ഭാഗമായി നടന്ന ജലസുരക്ഷാ ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി. സുരക്ഷ മുൻനിറുത്തി ശാസ്ത്രീയ പദ്ധതികളും ആധുനിക സുരക്ഷാ സംവിധാനങ്ങളും നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

ജലസുരക്ഷ അവബോധം ലക്ഷ്യമാക്കിയാണ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ക്യാമ്പയിൻ നടത്തുന്നത്. കുട്ടികൾക്കും യുവാക്കൾക്കുമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമെന്ന് ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കലക്ടർ അഫ്സാന പർവീൺ പറഞ്ഞു.

ഹ്രസ്വ ചിത്രങ്ങളിലൂടെ ബോധവത്കരണം, പ്രാഥമിക ശുശ്രൂഷാ പരിശീലനം, സ്കൂൾതലത്തിൽ അവബോധ പരിപാടികൾ, പൊലിസുമായി ചേർന്ന് നിയമ നടപടികൾ, അപകമേഖലയിലെ വിനോദസഞ്ചാര നിരീക്ഷണം, തദ്ദേശ സ്ഥാപനങ്ങൾ വഴി നീന്തൽ കുളം നിർമാണം, പരിശീലനം തുടങ്ങിയവയാണ് നടപ്പിലാക്കുക.

ഫയർ ഓഫീസർ പി .കെ. റെജിമോൻ ജലസുരക്ഷയെ കുറിച്ച് ക്ലാസ്സ് എടുത്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ, ദുരന്തനിവാരണ അതോറിറ്റി പ്രൊജക്റ്റ് കോർഡിനേറ്റർ ജോ ജോൺ ജോർജ്, എ. ഡി. എം. എൻ. സാജിത ബീഗം, സൂപ്രണ്ട് സന്തോഷ് കുമാർ, വകുപ്പ് ഉദ്യോഗസ്ഥർ, കൊല്ലം എസ്. എൻ. കോളേജ് , ടി.കെ.എം എൻജിനീയറിങ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഇൻഡ്യൻ മിലിട്ടറി കോളേജ്: പ്രവേശന പരീക്ഷ ഡിസംബർ 18ന്

ഡെറാഡൂണിലെ രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജിലേക്ക് 2022 ജൂലൈയിൽ നടക്കുന്ന പ്രവേശനത്തിനുള്ള പരീക്ഷ തിരുവനന്തപുരത്ത് പൂജപ്പുരയിലെ പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ഡിസംബർ 18ന് നടത്തും. പരീക്ഷയ്ക്ക് ഈ വർഷം മുതൽ പെൺകുട്ടികൾക്കും അപേക്ഷിക്കാം. 01.07.2022ൽ അഡ്മിഷൻ സമയത്ത് അംഗീകാരമുള്ള ഏതെങ്കിലും വിദ്യാലയത്തിൽ ഏഴാം ക്ലാസ്സിൽ പഠിക്കുകയോ, പാസായിരിക്കുകയോ വേണം. 02/07/2009ന് മുൻപോ 01/01/2011ന് ശേഷമോ ജനിച്ചവർക്ക് അപേക്ഷിക്കാനാവില്ല. (01/07/2022ൽ അഡ്മിഷൻ സമയത്ത് 111/2 വയസിനും 13 വയസിനും ഇടയിൽ ആയിരിക്കണം) അഡ്മിഷൻ നേടിയതിനു ശേഷം ജനന തീയതിയിൽ മാറ്റം അനുവദിക്കില്ല.

പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷാഫോമും, വിവരങ്ങളും, മുൻ വർഷങ്ങളിലെ ചോദ്യപേപ്പറുകളും ലഭിക്കുന്നതിന് രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജിലേക്ക് അപേക്ഷിക്കാം. പരീക്ഷ എഴുതുന്ന ജനറൽ വിഭാഗത്തിലെ കുട്ടികൾക്ക് 600 രൂപയ്ക്കും, എസ്.സി/എസ്.റ്റി. വിഭാഗത്തിലെ കുട്ടികൾക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം 555 രൂപയ്ക്കും അപേക്ഷാഫോം ലഭിക്കും. അപേക്ഷ സ്പീഡ് പോസ്റ്റിൽ ലഭിക്കും. അപേക്ഷ ലഭിക്കുന്നതിനായി ഡിമാന്റ് ഡ്രാഫ്റ്റ് 'ദി കമാൻഡന്റ്, രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജ്, ഡെറാഡൂൺ, ഡ്രായീ ബ്രാഞ്ച്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ടെൽ ഭവൻ, ഡെറാഡൂൺ, ഉത്തർഖണ്ഡ് (ബാങ്ക് കോഡ് 01576)) എന്ന വിലാസത്തിൽ മാറാവുന്ന തരത്തിൽ എടുത്ത് കത്ത് സഹിതം ' ദി കമാൻഡന്റ്, രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജ്, ഡെറാഡൂൺ, ഉത്തർഖണ്ഡ് 248003 എന്ന വിലാസത്തിൽ അയയ്ക്കണം. ഓൺലൈനായി പണമടയ്ക്കുന്നതിനുള്ള നിർദേശങ്ങൾ ഠഠഠ.ൃശാര.ഴീ.ശി ൽ ലഭ്യമാണ്.

കേരളത്തിലും, ലക്ഷദ്വീപിലുമുള്ള അപേക്ഷകർ രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജിൽ നിന്നും ലഭിക്കുന്ന നിർദ്ദിഷ്ട അപേക്ഷകൾ പൂരിപ്പിച്ച് നവംബർ 5നു മുൻപ് ലഭിക്കുന്ന തരത്തിൽ 'സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം12' എന്ന വിലാസത്തിൽ നൽകണം. പെൺകുട്ടികളുടെ അപേക്ഷകൾ മാത്രമാണ് 15 വരെ സ്വീകരിക്കുന്നത്. ആൺകുട്ടികളുടെ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 30.

# സംസ്ഥാനത്ത് 11,079 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

കേരളത്തിൽ 11,079 പേർക്ക് കൂടി കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 1794, കോഴിക്കോട് 1155, തിരുവനന്തപുരം 1125, തൃശൂർ 1111, കോട്ടയം 925, കൊല്ലം 767, ഇടുക്കി 729, മലപ്പുറം 699, കണ്ണൂർ 554, പത്തനംതിട്ട 547, പാലക്കാട് 530, ആലപ്പുഴ 506, വയനാട് 387, കാസർഗോഡ് 250 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗം സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 89,995 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള 158 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 211 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 3,39,688 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇവരിൽ 3,28,426 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റീനിലും 11,262 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 690 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 97,630 കോവിഡ് കേസുകളിൽ, 10.4 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 123 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 26,571 ആയി.

രോഗം സ്ഥിരീകരിച്ചവരിൽ 53 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 10,608 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 360 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 58 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 9972 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1058, കൊല്ലം 580, പത്തനംതിട്ട 520, ആലപ്പുഴ 514, കോട്ടയം 781, ഇടുക്കി 648, എറണാകുളം 978, തൃശൂർ 1374, പാലക്കാട് 958, മലപ്പുറം 948, കോഴിക്കോട് 601, വയനാട് 461, കണ്ണൂർ 370, കാസർഗോഡ് 181 എന്നിങ്ങനെയാണ് രോഗമുക്തിയായത്. ഇതോടെ 97,630 പേരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 46,95,904 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# ഗ്രാമവണ്ടി രൂപരേഖ തയ്യാറാക്കാൻ കമ്മിറ്റി രൂപീകരിച്ചു: മന്ത്രി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കെ.എസ്.ആർ.ടി.സി ആരംഭിക്കുന്ന ഗ്രാമവണ്ടിയുടെ രൂപരേഖ തയ്യാറാക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ, ഗതാഗതമന്ത്രി ആന്റണി രാജു എന്നിവരുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനിച്ചു. ഗതാഗത സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, കില ഡയറക്ടർ, കെ.എസ്.ആർ.ടി.സി എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്) എന്നിവർ അംഗങ്ങളായ കമ്മിറ്റിയാണ് രൂപീകരിച്ചത്. ഒക്ടോബർ 30ന് മുമ്പ് വിശദമായ പദ്ധതി രൂപരേഖ സമർപ്പിക്കാൻ മന്ത്രിമാർ നിർദ്ദേശിച്ചു. റിപ്പോർട്ട് കിട്ടിയതിനു ശേഷം മന്ത്രിമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പദ്ധതിക്ക് അന്തിമ രൂപം നൽകും. 18, 24, 28, 32, 42 എന്നിങ്ങനെ സീറ്റുകളുള്ള വാഹനങ്ങളായിരിക്കും പദ്ധതിയുടെ കീഴിൽ ഓടിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടിലും സമയക്രമത്തിലുമായിരിക്കും ഗ്രാമവണ്ടികൾ സഞ്ചരിക്കുക. കേരളത്തിലെ പൊതുഗതാഗത മേഖലയിൽ കാതലായ മാറ്റം പ്രതീക്ഷിക്കുന്ന ഗ്രാമവണ്ടി പദ്ധതി 2022 ഏപ്രിലിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ഗതാഗത വകുപ്പ് സെക്രട്ടറി ബിജു പ്രഭാകർ, പഞ്ചായത്ത് ഡയറക്ടർ എച്ച്. ദിനേശൻ, ഗ്രാമവികസന കമ്മീഷണർ ഡി. ബാലമുരളി, നേഹ കുര്യൻ (കില), തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, ഗതാഗതം തുടങ്ങിയ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

# ബാലാവകാശ കമ്മീഷൻ കേസെടുത്തു

കൊച്ചിയിൽ നിന്നും വീടുവിട്ടിറങ്ങിയ പെൺകുട്ടികൾ പീഡിപ്പിക്കപ്പെട്ട സംഭവത്തിൽ സംസ്ഥാന ബാലാവകാശ കമ്മീഷൻ കേസെടുത്തു. ഡൽഹി പോലീസ് കുട്ടികളെ കണ്ടെത്തുകയും അവർക്കൊപ്പം ഡൽഹി സ്വദേശികളായ ഫൈസാനെയും സുബൈറിനെയും പിടികൂടുകയും ചെയ്തു. എറണാകുളം നോർത്ത് പോലീസ് ഇവരിൽ ഒരു പ്രതിയെ ഒഴിവാക്കി കുട്ടിയുടെ സഹോദരൻമാരെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തതായി മാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ സ്വമേധയായാണ് കേസെടുത്തത്. എറണാകുളം ജില്ലാ ബാല സംരക്ഷണ ഓഫീസർ, നോർത്ത് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ, ജില്ലാ പോലീസ് മേധാവി (എറണാകുളം സിറ്റി) എന്നിവരോട് നവംബർ 3 നകം സംഭവം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ കമ്മീഷൻ നിർദ്ദേശം നൽകി.

# സൗജന്യ പരിശീലനം

അപ്പാരൽ കം ഫാഷൻ ഡിസൈനിങ് മേഖലയിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് ട്രെയിനിങ് പ്രോഗ്രാം ഒക്ടോബർ 29 ന് ആരംഭിക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന അപ്പാരൽ ട്രെയിനിങ് ആൻഡ് ഡിസൈനിങ് സെന്ററിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ രംഗത്തെ നൈപുണ്യ വർദ്ധനവ് സംബന്ധിച്ച പരിശീലനമാണ് നൽകുന്നത്. 20 ദിവസമാണ് പരിശീലന കാലാവധി. ഫോൺ : 0474 2748395, 9446300548, 9497274218.




ജമ്മുകാശ്മീരിലെ പൂഞ്ചിലുണ്ടായ ഏറ്റുമുട്ടലിൽ വീരമൃത്യുവരിച്ച ജവാൻ എച്ച്. വൈശാഖിന്റെ ഭൗതികശരീരം തിരുവനന്തപുരം വിമാനത്താവളത്തിൽ ധനമന്ത്രി കെ എൻ ബാലഗോപാൽ ഏറ്റുവാങ്ങുന്നു.

# വിവാഹമോചനം : രക്ഷിതാവിന് കുട്ടിയുടെ പേരുൾപ്പെടുത്തി ഒരാഴ്ചക്കുള്ളിൽ റേഷൻ കാർഡ് നൽകണം

കൊല്ലം മാതാപിതാക്കൾ വേർപിരിയുകയോ വിവാഹ മോചന കേസുകൾ നടക്കുകയോ ചെയ്യുന്നവരുടെ കുട്ടികളെ സംരക്ഷിക്കുന്നവർക്ക് കുട്ടിയുടെ പേരുൾപ്പെടുത്തിയ റേഷൻ കാർഡ് അപേക്ഷ സ്വീകരിച്ച് ഒരാഴ്ചക്കുള്ളിൽ നൽകാൻ സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവായി. കുട്ടികളുടെ സംരക്ഷണ ചുമതല ഏറ്റെടുത്തവർക്ക് റേഷൻ കാർഡില്ലെങ്കിൽ, കുട്ടികൾക്കും റേഷൻ നിഷേധിക്കപ്പെടും. ഇത് ബാലാവകാശ നിയമങ്ങളുടെ ലംഘനമാണ്. സാങ്കേതിക കാരണങ്ങളാൽ കുട്ടികളുടെ പേര് റേഷൻ കാർഡിൽ ഉൾപ്പെടുത്താൻ കഴിയാതെ റേഷൻ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. പരവൂരിലെ വിനയ.വി.എസ് ഭർത്താവ് സുജിത്കുമാറിൽ നിന്നും വേർപിരിഞ്ഞു താമസിക്കുകയും കോടതിയിൽ കേസ് നടക്കുകയുമാണ്. പത്താംക്ലാസിൽ പഠിക്കുന്ന മകന്റെ പഠനാവശ്യത്തിനായി ഭർത്താവിന്റെ റേഷൻ കാർഡിൽ നിന്ന് തന്റെയും മകന്റെയും പേരുകൾ നീക്കം ചെയ്ത് പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് കമ്മീഷന് നൽകിയ ഹർജി പരിഗണിച്ചാണ് റേഷൻ കാർഡ് നൽകാൻ ഭക്ഷ്യ പൊതുവിതരണ സെക്രട്ടറിക്കും സിവിൽ സപ്ലൈസ് ഡയറക്ടർക്കും നിർദ്ദേശം നൽകി കമ്മീഷൻ അംഗം റെനി ആന്റണി ഉത്തരവായത്. ഇതിൽ സ്വീകരിച്ച നടപടി 30 ദിവസത്തിനകം റിപ്പോർട്ട് ചെയ്യാനും കമ്മീഷൻ നിർദ്ദേശം നൽകി. കമ്മീഷന്റെ നിർദ്ദേശത്തെ തുടർന്ന് രേഖകൾ പരിശോധിച്ച് കുട്ടിയുടെ സംരക്ഷണ ചുമതലയുള്ളവരുടെ റേഷൻ കാർഡിൽ കുട്ടിയുടെ പേര് കൂടി ഉൾപ്പെടുത്തി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഭക്ഷ്യപൊതുവിതരണ സെക്രട്ടറി ഉത്തരവായിട്ടുണ്ട്. ഇത് കുട്ടിയുടെ രക്ഷാകർത്തത്വം സംബന്ധിച്ചോ വരുമാനം സംബന്ധിച്ചോ ഉള്ള ആധികാരിക രേഖയായി പരിഗണിക്കില്ല എന്നും ഉത്തരവിൽ പറയുന്നു.

# ശിശുദിനസ്റ്റാമ്പ് 2021: ചിത്രങ്ങൾ ക്ഷണിച്ചു

കേരള സംസ്ഥാന ശിശുക്ഷേമ സമിതി നവംബർ 14 ശിശുദിനത്തിന് പുറത്തിറക്കുന്ന ശിശുദിനസ്റ്റാമ്പ് 2021നായി ചിത്രങ്ങൾ ക്ഷണിച്ചു.

'ഇന്ത്യൻ കർഷകൻഒരു നേർക്കാഴ്ച' എന്ന ആശയത്തിൽ നാലു മുതൽ പ്ലസ്ടു വരെ ക്ലാസ്സുകളിൽ (9 മുതൽ 17 വയസ്സുവരെ) പഠിക്കുന്ന വിദ്യാർഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. ചിത്രങ്ങൾക്ക് ജലഛായം, പോസ്റ്റർ കളർ, ക്രയോൺസ്, ഓയിൽ പെയിന്റ് എന്നിവയിൽ ഒന്ന് ഉപയോഗിക്കാം. 15 ഃ 12 സെന്റീമീറ്റർ അനുപാതത്തിലായിരിക്കണം ചിത്രരചന നടത്തേണ്ടത്. സ്റ്റാമ്പിന്റെ വലിപ്പമായ 5 ഃ 4 സെന്റീമീറ്ററിലേക്ക് ചിത്രം ചെറുതാക്കേണ്ടതിനാൽ വിശദാംശങ്ങൾ അസ്പഷ്ടമാകാത്തവിധമുള്ള പശ്ചാത്തലവും നിറങ്ങളും രചനാ സാമഗ്രികളും കൊണ്ട് ചിത്രരചന നിർവഹിക്കുന്നതായിരിക്കും ഉചിതം. തെരഞ്ഞെടുക്കപ്പെടുന്ന ചിത്രം വരയ്ക്കുന്ന വിദ്യാർഥിക്ക് പ്രശസ്തി ഫലകവും ക്യാഷ് അവാർഡും പഠിക്കുന്ന വിദ്യാലയത്തിന് റോളിംഗ് ട്രോഫിയും നൽകി ശിശുദിന സ്റ്റാമ്പ് പ്രകാശന ചടങ്ങിൽ ആദരിക്കും. ചിത്രം വരയ്ക്കുന്ന വിദ്യാർഥിയുടെ പേര്, ക്ലാസ്സ്, വയസ്സ്, സ്കൂളിന്റെയും വിദ്യാർഥിയുടെ വീടിന്റേയും ഫോൺ നമ്പരോടുകൂടിയ മേൽവിലാസം എന്നിവ ചിത്രത്തിന്റെ പിറകുവശത്ത് എഴുതി പ്രിൻസിപ്പൽ/ ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ് മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കണം. ചിത്രരചനകൾ ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തൈക്കാട്, തിരുവനന്തപുരം 14 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗമോ നേരിട്ടോ നവംബർ 3 വരെ നൽകാം. കവറിനു പുറത്ത് 'ഇന്ത്യൻ കർഷകൻഒരു നേർക്കാഴ്ച' എന്ന് എഴുതിയിരിക്കണം.

# ആഴ്സെനിക്ക് ആൽബം വിഷമാണെന്ന പ്രചരണം വ്യാജം: ഹോമിയോപ്പതി വകുപ്പ്

കോവിഡ് പശ്ചാത്തലത്തിൽ രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര ആയുഷ് വകുപ്പ് നിർദേശിച്ച ആഴ്സെനിക് ആൽബം വിഷമാണെന്ന പ്രചാരണം വ്യാജമാണെന്ന് ഹോമിയോപ്പതി വകുപ്പ് അറിയിച്ചു. മരുന്നിന് പാർശ്വഫലങ്ങൾ ഉണ്ടെന്ന പ്രചാരണം അടിസ്ഥാന രഹിതമാണ്. 127 ലധികം രാജ്യങ്ങളിൽ ഉപയോഗിച്ചു വരുന്ന ഈ മരുന്നിന് യാതൊരു പാർശ്വ ഫലങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇൻഫ്ളമേറ്ററി ഡിസീസ്, ആസ്ത്മ, ഇമ്യൂണോളജിക്കൽ പ്രശ്നങ്ങൾ തുടങ്ങി നിരവധി രോഗാവസ്ഥകൾക്ക് കുട്ടികളുൾപ്പെടെ ഏതു പ്രായക്കാർക്കും ഫലപ്രദമായി ഉപയോഗിക്കാം. പ്രകൃതി ദത്തമായി ലഭിക്കുന്ന ആഴ്സെനിക് ഓക്സൈഡ് എന്ന മൂലകം ഉപയോഗിച്ചാണ് ഈ മരുന്ന് നിർമ്മിക്കുന്നത്. ആഴ്സെനിക് എന്ന ഹെവി മെറ്റൽ ഉപയോഗിക്കുന്നു എന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്നും വകുപ്പ് വ്യക്തമാക്കി.

ഒജകയുടെ മാനദണ്ഡങ്ങൾ പാലിച്ചു ഏങജ ഗുണനിലവാരത്തോടു കൂടി മാത്രമാണ് ഇന്ത്യയിൽ ആഴ്സെനിക് ആൽബം ഉൾപ്പെടെയുള്ള എല്ലാ ഹോമിയോപ്പതി മരുന്നുകളും നിർമിക്കുന്നത്.

കേരളത്തിൽ ഏറ്റവും കൂടുതൽ ഹോമിയോപ്പതി മരുന്നുകൾ നിർമിക്കുന്നത് സർക്കാർ ഉടമസ്ഥതയിൽ ഉള്ള ആലപ്പുഴയിലെ ഹോംകോ എന്ന സഹകരണ മരുന്ന് നിർമ്മാണ ശാലയാണ്. ഇവിടെ നിന്നും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേക്കും ഇന്ത്യയ്ക്ക് പുറത്തു ഗൾഫ് രാജ്യങ്ങളിലേക്കും മരുന്ന് കയറ്റി അയക്കുകയും ചെയ്യുന്നുണ്ട്.

ഹോമിയോപ്പതിക്കെതിരായ ബോധപൂർവമായ കുപ്രചാരണങ്ങൾക്കെതിരെ ആരോഗ്യപ്രവർത്തകരും പൊതുജനങ്ങളും ജാഗ്രത പുലർത്തുവാൻ വകുപ്പ് മുന്നറിയിപ്പ് നൽകി.

# ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) അപേക്ഷ ക്ഷണിച്ചു

പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾകേരള മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ ഡി.സി.എ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി അല്ലെങ്കിൽ സർക്കാർ അംഗീകൃത തത്തുല്യ യോഗ്യതയുള്ള ആർക്കും പ്രായപരിധി ഇല്ലാതെ അപേക്ഷിക്കാം. അപേക്ഷകൾ www. scolekerala.org ൽ ഓൺലൈനായി രജിസ്റ്റർ ചെയ്യാം.

കോഴ്സ് കാലാവധി 6 മാസം (ആകെ 240 മണിക്കൂർ) ആണ്. 5,300 രൂപയാണ് കോഴ്സ് ഫീസ്. ഇത് രണ്ടു ഗഡുക്കളായും അടയ്ക്കാവുന്നതാണ്. പിഴ കൂടാതെ നവംബർ 10 വരെയും 60 രൂപ പിഴയോടെ 17 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. വിദ്യാർഥികൾ ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾകേരള, വിദ്യാഭവൻ, പൂജപ്പുര.പി.ഒ, തിരുവനന്തപുരം12 എന്ന വിലാസത്തിൽ സ്പീഡ്/ രജിസ്റ്റേർഡ് തപാൽ മാർഗം അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് സ്കോൾ കേരള വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04712342950, 2342271, 2342369.

## ആറ് ജില്ലകളിൽ ഓറഞ്ച് അലർട്ട്, ഏഴ് ജില്ലകളിൽ മഞ്ഞ അലർട്ട്

സംസ്ഥാനത്ത് കേന്ദ്രകാലാവസ്ഥ വകുപ്പ് നാളെ (12) ആറ് ജില്ലകളിൽ ഓറഞ്ച് അലർട്ടും ഏഴ് ജില്ലകളിൽ മഞ്ഞ അലർട്ടും പ്രഖ്യാപിച്ചു. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, ജില്ലകളിലാണ് നാളെ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുള്ളത്. തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.

# ആർഇസി ഗ്രൂപ്പിനെ റിലയൻസ് ഏറ്റെടുത്തു

ന്യൂഡൽഹി: ആഗോളതലത്തിൽ പുനരുപയോഗ ഊർജമേഖലയിൽ സാന്നിധ്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായി യൂറോപ്പിലെ ഏറ്റവും വലിയ സൗരോർജ പാനൽ നിർമാണക്കമ്പനിയായ ആർഇസി ഗ്രൂപ്പിനെ റിലയൻസ് ഏറ്റെടുത്തു. 771 മില്യൺ ഡോളറിനാണ് (ഏകദേശം 5800 കോടി രൂപ) നോർവീജിയൻ ആസ്ഥാനമായ കമ്പനിയെ റിലയൻസ് ന്യൂ എനർജി സോളാർ ലിമിറ്റഡ് ഏറ്റെടുത്തത്.

ചൈന നാഷണൽ ബ്ലൂസ്റ്റാറിൽ നിന്നാണ് കമ്പനി റിലയൻസ് ഏറ്റെടുത്തത്. സൗരോർജ മേഖലകളിൽ നൂതന പരീക്ഷണങ്ങൾ നടത്തുന്ന രാജ്യാന്തരതലത്തിൽ തന്നെ മുന്നിലുള്ള കമ്പനിയാണ് ആർഇസി. ആർഇസി ഗ്രൂപ്പിന് 1.8 ജിഗാവാട്ട് (ജിഡബ്ല്യു) വാർഷിക സോളാർ പാനൽ ഉല്പാദന ശേഷിയുണ്ട്. 1996 ൽ സംയോജിപ്പിച്ച, ആർഇസി ഗ്രൂപ്പ് വിപണിയിലെ ഏറ്റവും വലിയ കമ്പനികളിൽ ഒന്നാണ്. ഇതുവരെ ആഗോളതലത്തിൽ ഏകദേശം 10 ജിഗാവാട്ട് ശേഷി സ്ഥാപിച്ചിട്ടുണ്ട്. നോർവേ കമ്പനിക്ക് വടക്കേ അമേരിക്ക, യൂറോപ്പ്, ഏഷ്യപസഫിക് എന്നിവിടങ്ങളിൽ പ്രാദേശിക കേന്ദ്രങ്ങളുണ്ട്.

ഗുജറാത്തിലെ ജാംനഗറിൽ 5000 ഏക്കർ വിസ്തൃതിയിൽ സ്ഥാപിക്കുന്ന ധീരുഭായ് അംബാനി ഗ്രീൻ എനർജി കോംപ്ലക്സ് ഉൾപ്പെടെ വിവിധ പദ്ധതികൾ 44ാമത് വാർഷിക പൊതുയോഗത്തിൽ റിലയൻസ് ചെയർമാൻ മുകേഷ് അംബാനി പ്രഖ്യാപിച്ചിരുന്നു.

# അവാർഡിന് അപേക്ഷ ക്ഷണിച്ചു

പൊതുജനസേവന രംഗത്തെ നൂതന ആശയ ആവിഷ്ക്കാരത്തിനുള്ള (ഇന്നവേഷൻസ്) മുഖ്യമന്ത്രിയുടെ 2019, 2020 വർഷങ്ങളിലെ അവാർഡുകൾക്കുള്ള അപേക്ഷ ക്ഷണിച്ചു. സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹ്യവികസന/ സ്വയം സഹായ/അയൽപക്കസംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ/ സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവിടങ്ങളിൽ 2019, 2020 വർഷങ്ങളിൽ നടപ്പാക്കിയ നൂതന ആശയാവിഷ്കാരത്തിനുള്ള അംഗീകാരമായാണ് അവാർഡുകൾ നൽകുന്നത്. പൊതുജന സേവനങ്ങളുടെ ലഭ്യത, വ്യക്തിവികാസ മാനേജ്മെന്റ്, നടപടിക്രമങ്ങളിലെ നൂതനത്വം, വികസനോൻമുഖമായ നവീനതകൾ എന്നീ നാലു വിഭാഗങ്ങൾക്കാണ് അവാർഡ്. ഓരോ വിഭാഗത്തിനും അഞ്ചു ലക്ഷം രൂപയും പ്രശസ്തിപത്രവും ലഭിക്കും. 2019, 2020 വർഷങ്ങളിൽ പ്രത്യേകം അപേക്ഷകൾ നൽകണം.

മലയാളത്തിലോ ഇംഗ്ലീഷിലോ തയ്യാറാക്കിയ സമഗ്ര വിവരങ്ങളടങ്ങുന്ന അപേക്ഷകൾ ഡയറക്ടർ, ഐ.എം.ജി. തിരുവനന്തപുരം 695033 എന്ന മേൽവിലാസത്തിൽ സമർപ്പിക്കണം. അപേക്ഷകൾ നവംബർ 10നകം ലഭിക്കണം. കൂടുതൽ വിവരങ്ങൾ www.im-g.k-er-a-l-a.gov.in ൽ ലഭിക്കും.

## കിറ്റ്സിൽ എം.ബി.എ സ്പോട്ട് അഡ്മിഷൻ

സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ എം ബി എ (ട്രാവൽ ആന്റ് ടൂറിസം) കോഴ്സിന് ഒഴിവുള്ള ഏതാനും സീറ്റിലേക്ക് സ്പോട്ട് അഡ്മിഷൻ തൈക്കാട് കിറ്റ്സിന്റെ ആസ്ഥാനത്ത് 13ന് രാവിലെ 10ന് നടത്തും. കൂടുതൽ വിവരങ്ങൾക്ക്: www.k-i-ttse-du.or-g. ഫോൺ: 8111823377, 0471 2327707.

# നേപ്പാളി ബാലികയെ പീഡിപ്പിച്ച കേസ്: സാക്ഷികളെ നേപ്പാളിൽ നിന്നും കൊയിലാണ്ടി കോ ടതിയിൽ ഹാജരാക്കണം: ബാലാവകാശ കമ്മീഷൻ

ബാലുശ്ശേരിയിൽ നേപ്പാളി ബാലിക പീഡിപ്പിക്കപ്പെട്ട കേസിൽ നേപ്പാൾ സ്വദേശികളായ സാക്ഷികളെ കൊയിലാണ്ടി ഫാസ്റ്റ്ട്രാക്ക് പ്രത്യേക കോടതിയിൽ ഹാജരാക്കാൻ ബാലാവകാശ കമ്മീഷൻ ഉത്തരവായി. കേസിലെ സാക്ഷി ഹാജരാകാത്തതിനെ തുടർന്ന് വാറണ്ട് പുറപ്പെടുവിച്ചതായി കമ്മീഷന് കൊയിലാണ്ടി ഫാസ്റ്റ്ട്രാക്ക് പ്രത്യക കോടതി ജഡ്ജ് കത്ത് നൽകിയിരുന്നു. കത്തിൻമേൽ ബാലാവകാശ കമ്മീഷൻ സ്വമേധയാ സ്വീകരിച്ച നടപടികൾ തീർപ്പാക്കി തുടർനടപടികൾക്കായി ആഭ്യന്തര സെക്രട്ടറിക്കും സംസ്ഥാന പോലീസ് മേധാവിക്കും നിർദ്ദേശം നൽകി.

കേസിലെ കുട്ടിയും സാക്ഷിയും നേപ്പാൾ സ്വദേശികളാണ്. സാക്ഷി മറ്റൊരു രാജ്യക്കാരനായതിനാൽ ഇന്ത്യൻ എംബസിയുടെ സഹായത്തിന് പബ്ളിക് പ്രോസിക്യൂട്ടർക്ക് ഹർജി നൽകാം. സാക്ഷികളെ നാട്ടിലെത്തിക്കാൻ ആവശ്യമെങ്കിൽ ഒരു പ്രത്യേക സംഘം രൂപീകരിക്കാം. ഇതര രാജ്യത്തു നിന്നോ മറ്റ് സംസ്ഥാനത്തുനിന്നോ സാക്ഷികളെ കോടതിയിൽ എത്തിക്കുന്നതിനുള്ള പ്രോട്ടോകോൾ ആഭ്യന്തര സെക്രട്ടറിയും സംസ്ഥാന പോലീസ് മേധാവിയും പുറപ്പെടുവിക്കണം. കോടതി നിർദ്ദേശിച്ചിട്ടുള്ള ഒരു ലക്ഷം രൂപ ഇടക്കാലാശ്വാസം നൽകാൻ കോഴിക്കാട് ജില്ലാ കളക്ടറും ജില്ലാ ബാലസംരക്ഷണ ഓഫീസറും നടപടി സ്വീകരിക്കണമെന്നും ഉത്തരവിൽ പറയുന്നു. ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവർ സ്വീകരിച്ച നടപടി 30 ദിവസത്തിനകം അറിയിക്കാനും കമ്മീഷൻ അംഗം ബി.ബബിത പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശിച്ചു.

## അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ 16ന് തുറക്കും

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020 മാർച്ച് മാസം മുതൽ തുറന്ന് പ്രവർത്തിക്കാതിരുന്ന സംസ്ഥാനത്തെ പ്രൈമറി അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ, പ്രീപ്രൈമറി അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ, സ്പെഷ്യൽ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററുകൾ 16 മുതൽ പ്രവർത്തനമാരംഭിക്കും. കോവിഡ് മാനദണ്ഡങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരമായിരിക്കും പ്രവർത്തിക്കുക.

# രാജ്യാന്തരയാത്രക്കാരുടെ എണ്ണത്തിൽ സിയാലിന് നേട്ടം

കൊച്ചി: രാജ്യാന്തരയാത്രക്കാരുടെ എണ്ണത്തിൽ കൊച്ചി വിമാനത്താവളം തുടർച്ചയായി മുന്നാം മാസവും ദേശീയാടിസ്ഥാനത്തിൽ മൂന്നാം സ്ഥാനം നിലനിർത്തി.

ഒക്ടോബറിൽ നിരവധി രാജ്യാന്തര സർവീസുകൾക്ക് കൊച്ചിയിൽ നിന്ന് ആരംഭിക്കുന്നുണ്ട്.

ശ്രീലങ്കൻ എയർലൈൻസിന്റെ യു എൽ 165/166 വിമാന സർവീസ് തിങ്കൾ മുതൽ ശനിവരെയുള്ള ദിവസങ്ങളിൽ രാവിലെ 9.45 ന് കൊളംബോയിൽ നിന്ന് കൊച്ചിയിലെത്തുകയും 10. 45 ന് മടങ്ങുകയും ചെയ്യും. ഞായറാഴ്ച രാവിലെ 8. 45 ന് വിമാനമെത്തും. 9. 45 ന് മടങ്ങും.

സെപ്റ്റംബറിൽ രാജ്യാന്തര വിമാനയാത്രക്കാരുടെയും സർവീസുകളുടേയും എണ്ണത്തിൽ വലിയ പുരോഗതിയുണ്ടായിട്ടുള്ളതായി സിയാൽ മാനേജിങ് ഡയറക്ടർ എസ് സുഹാസ് അറിയിച്ചു.

രാജ്യാന്തര എയർലൈൻ കമ്പനികളുമായി കഴിഞ്ഞ മൂന്നുമാസമായി സിയാൽ നടത്തിവരുന്ന ഏകോപിത ശ്രമങ്ങൾക്ക് ഫലം കണ്ടുതുടങ്ങി.

ജൂലായിൽ 85,395 രാജ്യാന്തര യാത്രക്കാരാണ് കൊച്ചിയിലുണ്ടായിരുന്നത്. ഓഗസ്റ്റിൽ 1,57,289 പേരും സെപ്റ്റംബറിൽ 1,94,900 സിയാൽ രാജ്യാന്തര ടെർമിനലിലൂടെ കടന്നുപോയി.

സെപ്റ്റബറിൽ മൊത്തം 3.70 ലക്ഷം പേരാണ് കൊച്ചി വിമാനത്താവളം വഴി യാത്രചെയ്തത്.

നിലവിൽ പ്രതിദിനം 106 സർവീസുകളാണ് സിയാലിൽ നിന്ന് പ്രവർത്തിക്കുന്നത്. ഡൽഹി, മുംബൈ വിമാനത്താവളങ്ങളാണ് ഒന്നും രണ്ടും സ്ഥാനത്ത്.

# നെല്ല് സംഭരണം കാര്യക്ഷമമാക്കും: മന്ത്രി

20212022 ലെ നെല്ല് സംഭരണം ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ.അനിൽ അറിയിച്ചു. കഴിഞ്ഞ വർഷം 2,52,160 കർഷകരിൽ നിന്നായി സംഭരിച്ച നെല്ലിന്റെ വിലയായ 2101.70 കോടി രൂപ പൂർണ്ണമായും കൊടുത്തു. 26 കർഷകർക്കുള്ള 19.95 ലക്ഷം രൂപ കർഷകർക്ക് ലഭ്യമാക്കുവാൻ കഴിയാത്തത് ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സം മൂലമാണെന്നും ഇവർക്ക് ഉടൻ തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയതായും മന്ത്രി പറഞ്ഞു. പാലക്കാട്, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലെ നെല്ല് സംഭരണത്തിന്റെ സ്ഥിതി വിലയിരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഓൺലൈൻ യോഗം നടത്തിയിരുന്നു. നെല്ല് സംഭരണം നടക്കുന്ന ജില്ലകളിൽ മില്ല് അലോട്ട്മെന്റ് പൂർത്തിയായതായും നെല്ല് സംഭരണം നടത്തുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരെ വിന്യസിച്ചതായും അദ്ദേഹം അറിയിച്ചു. കൊയ്ത്തുകഴിഞ്ഞ പാടങ്ങളിലെ നെല്ല് പൂർണ്ണമായും സംഭരിച്ചതായി ഉദ്യോഗസ്ഥർ മന്ത്രിയെ അറിയിച്ചു. മുൻ വർഷത്തേക്കാൾ കൂടുതൽ കർഷകരും മില്ലുകളും നടപ്പ് നെല്ല് സംഭരണത്തിൽ സഹകരിക്കുന്നതായും ഇത്തവണ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ നെല്ല് സംഭരിക്കാൻ കഴിയുമെന്നും മന്ത്രി അറിയിച്ചു.

# സീനിയർ റസിഡന്റ് ഡോക്ടർ

കോട്ടയം ജില്ലയിലെ സർക്കാർ സ്ഥാപനത്തിൽ സീനിയർ റെസിഡന്റ് ഡോക്ടർ തസ്തികയിൽ ഓപ്പൺ വിഭാഗത്തിൽ ഒരു താത്ക്കാലിക ഒഴിവുണ്ട്. എം.ബി.ബി.എസ്, ജനറൽ സർജറിയിൽ എം.എസ്. അല്ലെങ്കിൽ ഡി.എൻ.ബി, സർജിക്കൽ ഗാസ്ട്രോ എൻട്രോളജിയിൽ എം.സി.എച്ച് അല്ലെങ്കിൽ ഡി.എൻ.ബി, ടി.സി.എം.സി രജിസ്ട്രേഷൻ ആണ് യോഗ്യത. 70,000 രൂപയാണ് വേതനം.

പ്രായം 1841 വയസ് (നിയമാനുസൃത വയസിളവ് ബാധകം).

ഉദ്യോഗാർത്ഥികൾ പ്രായം, ജാതി, വിദ്യാഭ്യാസ യോഗ്യത, തൊഴിൽപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 20നകം പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഓൺലൈനിൽ പേര് രജിസ്റ്റർ ചെയ്യണം.

നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട നിയമനാധികാരിയിൽ നിന്നുള്ള എൻ ഒ സി ഹാജരാക്കണം. 1960 ലെ ഷോപ്സ് & കൊമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമനത്തിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് കക ഉം ഫാക്ടറി ആക്ടിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ഫാക്ടറി ഇൻസ്പെക്ടർ/ജോയിന്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

# അദ്ധ്യാപകരുടെ ഒഴിവിലേക്ക് അപേക്ഷിക്കാം

സംസ്ഥാനസർക്കാരിന്റെ തൊഴിൽ നൈപുണ്യ വകുപ്പിന് കീഴിൽ, കൊല്ലം ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിൽ നിലവിലുള്ള അദ്ധ്യാപകരുടെ ഒഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു.

M.D-e-s ബിരുദം അല്ലെങ്കിൽ പിജിഡിപ്ലോമ ഇൻ ഡിസൈൻ യോഗ്യതയും, അദ്ധ്യാപനത്തിൽ/ ഇൻഡസ്ടറിയിൽ രണ്ടു വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയവുമുള്ളവർക്ക് അപേക്ഷിക്കാം.

അപേക്ഷയോടൊപ്പം ബയോഡാറ്റയും, ഇഢയും സമർപ്പിക്കേണ്ടതാണ്.

അപേക്ഷകൾ 18.10.2021നു മൂന്ന് മണിക്കകം പ്രിൻസിപ്പാൾ കെഎസ്ഐഡി, ചന്ദനത്തോപ്പ് കൊല്ലം, 691014 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

# മാനസികാരോഗ്യ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും: മന്ത്രി വീണാ ജോർജ്



ജില്ലാ കലക്ടർ അഫ്സാന പർവീണിന്റെ അധ്യക്ഷതയിൽ മഴക്കെടുതികോവിഡ് അവലോകന യോഗം ചേരുന്നു

ഈ സർക്കാരിന്റെ പ്രത്യേകിച്ചും ആരോഗ്യ വകുപ്പിന്റെ വരും വർഷങ്ങളിലെ പ്രധാന ദൗത്യങ്ങളിലൊന്നാണ് മാനസികാരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നുള്ളതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മാനസികാരോഗ്യ സാക്ഷരതയ്ക്കായി മാനസികാരോഗ്യത്തെ സംബന്ധിച്ചുള്ള അവബോധം ശക്തിപ്പെടുത്തും. വീടുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാനസികാവസ്ഥകൾ തിരിച്ചറിയണം. ഇതൊരു രോഗമാണെന്നും ചികിത്സിച്ചാൽ ആ രോഗം ഭേദമാകുമെന്നും തിരിച്ചറിയേണ്ടതുണ്ട്. അതുസംബന്ധിച്ച ഒരു ബോധവും ബോധ്യവും പൊതുസമൂഹത്തിനുണ്ടാകണം. അതോടൊപ്പം തന്നെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും പ്രധാനമാണ്.

പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തെ മാതൃകാ മാനസികാരോഗ്യ കേന്ദ്രമാക്കി മാറ്റും. ഇതിനുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലെ 150ാം വാർഷികാഘോഷ ലോഗോ പ്രകാശനവും മ്യൂസിക് സിസ്റ്റം കൈമാറ്റവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ശരീരത്തിന്റെ ഒപ്പം പ്രധാനമാണ് മനസിന്റെ ആരോഗ്യവും. എല്ലാവരും ശരീരത്തിന് ഒരു ബുദ്ധിമുട്ടുണ്ടെങ്കിൽ ചികിത്സ തേടാറുണ്ട്. മനസിന്റെ രോഗാവസ്ഥകളെ പലപ്പോഴും തിരിച്ചറിയുന്നതിന് പോലും സാധിക്കുന്നില്ല എന്നുള്ളത് നമ്മുടെ മുന്നിലുള്ള ഒരു യാഥാർത്ഥ്യമാണ്. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്ന് വളരെ ഗൗരവത്തോടെ ആലോചിക്കണം. മനസിന്റെ രോഗാവസ്ഥയെ തിരിച്ചറിയാതെ പോകുന്നെങ്കിൽ അത് മാനസികാരോഗ്യ സാക്ഷരതയുടെ കുറവ് കൊണ്ടാണ് എന്നാണ് കാണേണ്ടത്. മറ്റൊരു കാരണം നമ്മുടെ കാഴ്ചപ്പാടാണ്. നമ്മുടെ ഇടയിൽ തന്നെ പലർക്കും ശാസ്ത്രീയമായ ചികിത്സ ആവശ്യമായവരുണ്ട്.

മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും തിരികെ പോകുന്നവരെ ഉൾക്കൊള്ളുന്നതിന് കുടുംബങ്ങൾ തയ്യാറാകുന്നുണ്ടോ എന്നതും പ്രധാനമാണ്. മാനസികാരോഗ്യ സാക്ഷരതയുടെ കൂടി ഭാഗമാണിത്. ഇതിനും ബോധവത്ക്കരണം ആവശ്യമാണ്. മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനങ്ങൾ സംബന്ധിച്ചും പുനരധിവാസം സംബന്ധിച്ചും സാമൂഹിക ക്രമത്തിലേക്ക് തിരികെ എത്തിക്കുന്നതിനും വേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതിന് വലിയൊരു ലക്ഷ്യമായി ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

# മീറ്റർ റീഡിങ് സ്വയം നടത്താം; കുടിവെള്ള കണക്ഷന് ഓൺലൈനിൽ അപേക്ഷിക്കാം

ഉപഭോക്താക്കളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് കുടിവെള്ള ചാർജ് ബില്ലിംഗിന് ഏർപ്പെടുത്തിയ സെൽഫ് റീഡിങ് സംവിധാനത്തിലൂടെ, പുതിയ സാങ്കേതികവിദ്യയെ സേവനങ്ങളുമായി കൂട്ടിയിണക്കുന്ന ഉത്തമമാതൃകയാണ് കേരള വാട്ടർ അതോറിറ്റി അവതരിപ്പിക്കുന്നതെന്ന് ജലവിഭവ വകുപ്പു മന്ത്രി റോഷി അഗസ്റ്റിൻ. അപേക്ഷകർക്ക് ഒരു ഘട്ടത്തിലും ഓഫീസുകളിൽ നേരിട്ടെത്താതെ കുടിവെള്ള കണക്ഷൻ ലഭ്യമാക്കാനായി അവതരിപ്പിച്ച ഇടാപ്പ് സംവിധാനവും പുതിയ കാലത്തിന്റെ ആവശ്യമാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി. പരമ്പരാഗത രീതികളിൽനിന്നുള്ള മാറ്റത്തിലേക്കുള്ള വലിയ ചുവടുവയ്പ്പായി, കുടിവെള്ള കണക്ഷൻ നടപടികൾ അനായാസമാക്കാൻ ഏർപ്പെടുത്തിയ ഓൺലൈൻ സംവിധാനമായ ഇടാപ്പ്, സെൽഫ് മീറ്റർ റീഡിങ് സംവിധാനം എന്നിവയുൾപ്പെടെ പുതിയ അഞ്ച് വിവരസാങ്കേതിക സോഫ്റ്റ് വെയറുകളുടെ ഉദ്ഘാടനം വാട്ടർ അതോറിറ്റി ആസ്ഥാനത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

പുതിയ കണക്ഷൻ ലഭിക്കാൻ വാട്ടർ അതോറിറ്റി ഓഫിസുകളിൽ നേരിട്ടെത്താതെ ഓൺലൈൻ വഴി അപേക്ഷിക്കുന്നതിനുള്ള സംവിധാനമാണ് ഇടാപ്പ് എന്ന പേരിൽ നടപ്പിലാക്കുന്നത്. പ്രാരംഭഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ പിടിപി നഗർ സബ് ഡിവിഷൻ, സെൻട്രൽ സബ് ഡിവിഷനു കീഴിലുള്ള പാളയം സെക്ഷൻ, കോഴിക്കോട് ജില്ലയിലെ ഡിസ്ട്രിബ്യൂഷൻ സബ് ഡിവിഷൻ 1 എന്നീ വാട്ടർ അതോറിറ്റി ഓഫിസുകൾക്കു കീഴിലുള്ള കണക്ഷനുകൾക്കാണ് പൂർണമായും ഓൺലൈൻ വഴി അപേക്ഷിക്കാൻ സൗകര്യമേർപ്പെടുത്തുന്നത്. താമസിയാതെ വാട്ടർ അതോറിറ്റിയുടെ എല്ലാ കുടിവെള്ള കണക്ഷനുകളും പൂർണമായും ഓൺലൈൻ വഴി ലഭ്യമാക്കാനുള്ള സംവിധാനം നിലവിൽ വരും. അപേക്ഷ സമർപ്പിക്കുന്നതു മുതൽ ഒരു ഘട്ടത്തിൽ പോലും അപേക്ഷകൻ ഓഫീസിൽ എത്തേണ്ടതില്ല എന്നതാണ് പുതിയ സംവിധാനത്തിന്റെ മെച്ചം.

കുടിവെള്ള കണക്ഷൻ ഓൺലൈൻ വഴി ലഭ്യമാക്കാൻ ഏർപ്പെടുത്തിയിരിക്കുന്ന ഇടാപ്പ് സംവിധാനം വഴി, അപേക്ഷകളോടൊപ്പം അനുബന്ധ രേഖകൾ ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ ഉൾപ്പെടുത്താൻ സാധിക്കും. ഈ അപേക്ഷകൾ ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ എത്തുന്നതോടെ സ്ഥലപരിശോധനയ്ക്കായി കൈമാറും. ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി കണക്ഷൻ നൽകാൻ സാധിക്കും എന്നു ബോധ്യപ്പെടുന്നതോടെ കണക്ഷൻ നൽകുന്ന പ്ലംബറെയും എസ്റ്റിമേറ്റ് തുകയും തീരുമാനിക്കും. ഈ വിവരങ്ങൾ അപേക്ഷകന് എസ്എംഎസ് ആയി ലഭിക്കും. തുക ഓൺലൈൻ ആയി തന്നെ അടയ്ക്കുന്നതിനുള്ള സൗകര്യവും ഇടാപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുക ഓൺലൈൻ ആയി അടയ്ക്കുന്നതോടെ കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കും. സ്വയം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് കൺസ്യൂമർ സർവീസ് സെന്ററുകൾ വഴിയോ വാട്ടർ അതോറിറ്റി ഓഫീസുകൾ വഴിയോ ഇടാപ്പ് അപേക്ഷകൾ സമർപ്പിക്കാം.

മീറ്റർ റീഡർ വീട്ടിലെത്താതെ, സ്വയം ബിൽ റീഡിങ് നടത്താൻ സഹായിക്കുന്ന സംവിധാനമാണ് സെൽഫ് റീഡിങ് സോഫ്ട് വെയർ വഴി ഒരുക്കുന്നത്.

വാട്ടർ അതോറിറ്റി ഓഫീസിൽ ബിൽ സൃഷ്ടിക്കപ്പെടുമ്പോൾത്തന്നെ, ഉപഭോക്താവിന് എസ്എംഎസ് ആയി ലഭിക്കുന്ന ലിങ്ക് ഉപയോഗിച്ച് സ്വയം വാട്ടർ മീറ്റർ റീഡിങ് രേഖപ്പെടുത്താൻ സാധിക്കുന്ന സംവിധാനമാണ് സെൽഫ് മീറ്റർ റീഡിങ്. ഉപഭോക്താവ് മീറ്റർ റീഡിങ് രേഖപ്പെടുത്തി മീറ്ററിന്റെ ഫോട്ടോ എടുക്കുമ്പോൾ തന്നെ മീറ്റർ/ കണക്ഷൻ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ജിയോ ലൊക്കേഷനും രേഖപ്പെടുത്തും. ഇങ്ങനെ സമർപ്പിക്കുന്ന റീഡിങ് പരിശോധിച്ച്, ഉപഭോക്താവിന് ബിൽ തുകയും മറ്റു വിവരങ്ങളും എസ്എംഎസ് ആയി നൽകും. ബിൽ തുക ഉപഭോക്താവിന് ഓൺലൈൻ ആയി തന്നെ അടയ്ക്കാനും സാധിക്കും.

ഫിനാൻസ് ആൻഡ് അക്കൗണ്ട്സ് മാനേജ്മെന്റ് സൊല്യൂഷൻ (എഫ്.എ.എം.എസ്), മെറ്റീരിയൽസ് മാനേജ്മെന്റ് സിസ്റ്റം, ആപ്ട് എന്നീ പുതിയ സോഫ്ട് വെയറുകളുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

വാട്ടർ അതോറിറ്റിയുടെ 650ഓളം ബാങ്ക് അക്കൗണ്ടുകളുടെ നിയന്ത്രണത്തിനു സഹായകരമായ ഡിജിറ്റൽ ബാങ്കിങ് സൊല്യൂഷനാണ് ഫിനാൻസ് ആൻഡ് അക്കൗണ്ട്സ് മാനേജ്മന്റ് സൊല്യൂഷൻ.

ഇതുവഴി വാട്ടർ അതോറിറ്റിയിൽ സാമ്പത്തിക അവലോകനം ലളിതമാവുകയും ദിനംപ്രതിയുള്ള വാട്ടർ ചാർജ് കളക്ഷൻ തുക ലഭ്യമാക്കുന്നതു വഴി റവന്യൂ മോണിറ്ററിങ് സുഗമമാകുകയും ചെയ്യും. ചടങ്ങിൽ വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ എസ്. വെങ്കടേസപതി ഐഎഎസ്, വാട്ടർ അതോറിറ്റി ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# കോവിഡ് മരണത്തിനുള്ള അപ്പീൽ: സംശയങ്ങൾക്ക് ദിശ ഹെൽപ്പ് ലൈൻ

സംസ്ഥാനത്ത് കോവിഡ് 19 മരണത്തിനുള്ള അപ്പീൽ നൽകുമ്പോൾ പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയ ദൂരീകരണത്തിന് ദിശ ഹെൽപ് ലൈൻ സജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംശയങ്ങൾക്ക് ദിശ 104, 1056, 04712552056, 2551056 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്. ഇഹെൽത്ത് വഴി ദിശ ടീമിന് വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. 24 മണിക്കൂറും ദിശയുടെ സേവനം ലഭ്യമാണ്. പരിചയ സമ്പന്നരായ സോഷ്യൽവർക്ക് പ്രൊഫഷണലുകളുടെയും ഡോക്ടർമാരുടെയും ഏകോപനമാണ് ദിശ. വിവിധ സേവനങ്ങൾക്കായി 25 ഡെസ്കുകളാണ് പ്രവർത്തിക്കുന്നത്. 75 ദിശ കൗൺസിലർമാർ, 5 ഡോക്ടർമാർ, 1 ഫ്ളോർ മാനേജർ എന്നിവരാണ് സേവനമനുഷ്ഠിക്കുന്നത്. പ്രതിദിനം 4000 കോളുകൾ വരെ കൈകാര്യം ചെയ്യാൻ ദിശയ്ക്ക് കഴിയുമെന്നും മന്ത്രി വ്യക്തമാക്കി.

പ്രളയം, ഓഖി, നിപ വൈറസ് തുടങ്ങിയ അടിയന്തിര സാഹചര്യങ്ങളെ നേരിടുമ്പോൾ ജനങ്ങൾക്ക് സഹായകമായി ദിശ ഉണ്ടായിരുന്നു. ഈ കോവിഡ് കാലത്തും വലിയ സേവനങ്ങളാണ് ദിശ നൽകി വരുന്നത്. ടെലിമെഡിക്കൽ സഹായം നൽകുന്നതിന് ഓൺ ഫ്ളോർ ഡോക്ടർമാരും ഓൺലൈൻ എംപാനൽഡ് ഡോക്ടർമാരും അടങ്ങുന്ന ഒരു മൾട്ടിഡിസിപ്ലിനറി ടീം പ്രവർത്തിക്കുന്നുണ്ട്. മാനസികാരോഗ്യ സഹായം നൽകുന്നതിന് സൈക്യാട്രിസ്റ്റുകൾ, സൈക്കോളജിസ്റ്റുകൾ, സോഷ്യൽ വർക്കർമാർ എന്നിവരുടെ ശൃംഖലയും ദിശയിലുണ്ട്. ഈ സേവനങ്ങൾക്ക് പുറമേയാണ് കോവിഡ് 19 മരണത്തിനുള്ള അപ്പീലിന്റെ ഹെൽപ്പ് ലൈനായി ദിശയെ ചുമതലപ്പെടുത്തിയത്.

ഇഹെൽത്ത് കോവിഡ് 19 ഡെത്ത് ഇൻഫോ പോർട്ടൽ (h-ttp-s://cov-i-d19.k-er-a-l-a.gov.in/d-e-a-th-in-fo) മുഖേനയാണ് അപേക്ഷകൾ അയയ്ക്കേണ്ടത്. ഐ.സി.എം.ആർ. പുറത്തിറക്കിയ പുതുക്കിയ മാർഗ നിർദ്ദേശ പ്രകാരം കോവിഡ് മരണമായി പ്രഖ്യാപിക്കാവുന്ന മരണങ്ങളും, ഇതുവരെ പ്രഖ്യാപിക്കപ്പെട്ട കോവിഡ് മരണ ലിസ്റ്റിൽ ഇല്ലാത്തതും, ഏതെങ്കിലും പരാതിയുള്ളവർക്കും പുതിയ സംവിധാനം വഴി അപ്പീൽ നൽകാനാകും. ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ അറിയാത്തവർക്ക് പി.എച്ച്.സി. വഴിയോ അക്ഷയ സെന്റർ വഴിയോ ആവശ്യമായ രേഖകൾ നൽകി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അവർക്കുള്ള അപേക്ഷ ഫോം കോവിഡ് 19 ഡെത്ത് ഇൻഫോ പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനുള്ളിൽ തീർപ്പാക്കുന്നതാണ്. വിജയകരമായി സമർപ്പിച്ച അപേക്ഷ പ്രോസസിംഗിനായി മരണം സ്ഥിരീകരിച്ച ആശുപത്രിയിലേക്കും തുടർന്ന് അംഗീകാരത്തിനായി ജില്ലാ കോവിഡ് മരണ നിർണയ സമിതിക്കും (സിഡിഎസി) അയക്കുന്നു. പുതിയ ഐസിഎംആർ മാർഗനിർദ്ദേശമനുസരിച്ച് സിഡിഎസി അംഗീകാരത്തിന് ശേഷം പുതിയ ഐ.സി.എം.ആർ. മാതൃകയിലുള്ള സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഡെത്ത് ഇൻഫോ പോർട്ടൽ വഴി നൽകിയ അപേക്ഷയുടെ സ്ഥിതിയറിയാനും സാധിക്കുന്നു. ആരോഗ്യ വകുപ്പ് സ്ഥിരീകരിച്ച കോവിഡ് മരണങ്ങൾക്ക് ഡെത്ത് ഡിക്ലറേഷൻ സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ട്. ആനുകൂല്യങ്ങൾക്ക് ആ സർട്ടിഫിക്കറ്റ് മതിയാകും. ഡെത്ത് ഡിക്ലറേഷൻ സർട്ടിഫിക്കറ്റ് കിട്ടിയിട്ടുള്ളവർക്ക് മാത്രമേ ഐസിഎംആർ മാതൃകയിലുള്ള സർട്ടിഫിക്കറ്റിന് അപേക്ഷിക്കാൻ കഴിയൂ. ഇത് ആവശ്യമുള്ളവർ മാത്രം അപേക്ഷിച്ചാൽ മതി.

# വാക്സിനേഷൻ: ആദ്യ ഡോസ് രണ്ടര കോടിയും കഴിഞ്ഞ് മുന്നോട്ട്

സംസ്ഥാനത്ത് രണ്ടര കോടിയലധികം പേർക്ക് ആദ്യ ഡോസ് കോവിഡ്19 വാക്സിൻ നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. വാക്സിനേടുക്കേണ്ട ജനസംഖ്യയുടെ 93.64 ശതമാനം പേർക്ക് (2,50,11,209) ആദ്യ ഡോസും 44.50 ശതമാനം പേർക്ക് (1,18,84,300) രണ്ടാം ഡോസും നൽകി.

ഒന്നും രണ്ടും ഡോസ് ചേർത്ത് ആകെ 3,68,95,509 ഡോസ് വാക്സിനാണ് ഇതുവരെ നൽകിയത്. കോവിഡ് ബാധിച്ചവരായ 10 ലക്ഷത്തോളം പേർക്ക് 3 മാസം കഴിഞ്ഞ് വാക്സിൻ എടുത്താൽ മതി. ഇനി ഏഴ് ലക്ഷത്തോളം പേർ മാത്രമാണ് ഒന്നാം ഡോസ് വാക്സിനെടുക്കാനുള്ളത്.

ഇനിയും ആദ്യ ഡോസ് വാക്സിൻ എടുക്കാനുള്ളവർ ഉടൻ തന്നെ തൊട്ടടുത്ത വാക്സിനേഷൻ കേന്ദ്രത്തിൽ നേരിട്ടെത്തി വാക്സിൻ സ്വീകരിക്കേണ്ടതാണെന്നും മന്ത്രി വ്യക്തമാക്കി.

രണ്ടാം ഡോസ് വാക്സിൻ എടുക്കാനുള്ളവരും കാലതാമസം വരുത്തരുത്.

കോവിഷീൽഡ് വാക്സിൻ 84 ദിവസം കഴിഞ്ഞും കോവാക്സിൻ 28 ദിവസം കഴിഞ്ഞും ഉടൻ തന്നെ രണ്ടാം ഡോസ് സ്വീകരിക്കേണ്ടതാണ്.

എന്നാൽ ചിലയാളുകൾ 84 ദിവസം കഴിഞ്ഞും വാക്സിനേഷൻ കേന്ദ്രത്തിലെത്തുന്നില്ല. രണ്ട് ഡോസ് വാക്സിനും കൃത്യമായ ഇടവേളകളിൽ സ്വീകരിച്ചാൽ മാത്രമേ പൂർണമായ ഫലം ലഭിക്കൂ. രണ്ടാം ഡോസ് വാക്സിൻ കൃത്യസമയത്ത് തന്നെ സ്വീകരിക്കേണ്ടതാണ്.

ആരോഗ്യ പ്രവർത്തകരും കോവിഡ് മുന്നണി പോരാളികളും 100 ശതമാനം ആദ്യ ഡോസ് വാക്സിൻ എടുത്തു. ആരോഗ്യ പ്രവർത്തകരിൽ 88 ശതമാനം പേരും കോവിഡ് മുന്നണി പോരാളികളിൽ 90 ശതമാനം പേരും രണ്ടാം ഡോസ് എടുത്തിട്ടുണ്ട്. സ്ത്രീകളാണ് പുരുഷൻമാരേക്കാൾ കൂടുതൽ വാക്സിനെടുത്തത്. സ്ത്രീകൾ 1,91,10,142 ഡോസ് വാക്സിനും പുരുഷൻമാർ 1,77,76,443 ഡോസ് വാക്സിനുമാണെടുത്തത്.

ഇന്ന് 1642 വാക്സിനേഷൻ കേന്ദ്രങ്ങളാണ് പ്രവർത്തിച്ചത്.

അതിൽ 1355 സർക്കാർ കേന്ദ്രങ്ങളും 287 സ്വകാര്യ കേന്ദ്രങ്ങളുമാണുണ്ടായിരുന്നത്.

# സൂക്ഷ്മചെറുകിടഇടത്തരം വ്യവസായ മേഖലയിൽ 20689 തൊഴിൽ ലഭ്യത

202122 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 5181 സൂക്ഷ്മചെറുകിടഇടത്തരം വ്യവസായങ്ങൾ ആരംഭിച്ചതുവഴി 20689 തൊഴിൽ ലഭ്യതയും 591.58 കോടിയുടെ നിക്ഷേപവും സൃഷ്ടിച്ചു.

സംരംഭകർക്ക് മികച്ച വ്യാവസായിക അന്തരീക്ഷമാണ് കേരളത്തിലുള്ളത്.

നിയമ വ്യവസ്ഥ പൂർണമായും അംഗീകരിച്ച് ഏതൊരു സംരംഭകനും വ്യവസായം ആരംഭിക്കാൻ അനുകൂലമായ എല്ലാ സാഹചര്യങ്ങളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നുണ്ട്. 2021 22 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ 1 മുതൽ സെപ്റ്റംബർ വരെ 5181 എം.എസ്.എം.ഇ യൂണിറ്റുകളാണ് ആരംഭിച്ചിട്ടുള്ളത്. ഇതുവഴി 20689 പേർക്ക് തൊഴിൽ ലഭിച്ചു.

എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021 മെയ് മുതൽ സെപ്റ്റംബർ വരെ ചുരുങ്ങിയ സമയം കൊണ്ടു തന്നെ 4299 എം.എസ്.എം.ഇ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിൻറെ ഫലമായി 507.83 കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്തിന് കൈവരിക്കാനായത്.

ഇതിൻറെ ഭാഗമായി 17448 തൊഴിലുകൾ സൃഷ്ടിക്കാനായി. 2016 മെയ് മുതൽ 2021 ഏപ്രിൽ വരെയുള്ള മുൻ സർക്കാരിൻറെ അഞ്ചു വർഷക്കാലം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൻറെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൻറെ (ഡി.ഐ.സിഎം.ഐ.എസ്) റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 69138 എം.എസ്.എം.ഇ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 6448.81 കോടി രൂപയുടെ നിക്ഷേപവും 245369 തൊഴിൽ ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ട്.

സർക്കാരിന്റെ 100 ദിന കർമ പരിപാടികളുടെ ഭാഗമായി 10,000 തൊഴിലവസരങ്ങളാണ് പ്രതിക്ഷിച്ചിരുന്നതെങ്കിലും എം.എസ്.എം.ഇ വഴി മാത്രം 17,448 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു.

പ്രവാസികളും സ്ത്രീകളും ഉൾപ്പെടെ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിലും ഉൾപ്പെട്ടവർക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട മാർഗ നിർദ്ദേശങ്ങളും സാമ്പത്തിക സഹായവും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ലഭ്യമാക്കുന്നുണ്ട്.



ജില്ലയിലെ യൂത്ത് കോർഡിനേറ്റർമാരുടെ യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംസാരിക്കുന്നു

# മഴക്കെടുതി, കോവിഡ് സാഹചര്യം: പ്രത്യേക യോഗം ചേർന്നു

ജില്ലയിലെ മഴക്കെടുതി, കോവിഡ് സാഹചര്യം എന്നിവ വിലയിരുത്തുന്നതിനായി ജില്ലാ കലക്ടർ അഫ്സാനാ പർവീണിന്റെ അധ്യക്ഷതയിൽ കലക്ടറുടെ ചേംബ [illegible] ന്നു.

മഴക്കെടുതികൾ തടയുന്നതിനുള്ള മുന്നൊരുക്കങ്ങൾ യോഗം അവലോകനം ചെയ്തു. കോവിഡ് സാഹചര്യവും വലയിരുത്തി. സ്കൂളുകളിലെ ശുചീകരണം പി. ടി. എ കളുടെ സഹകരണത്തോടെ അതിവേഗത്തചന്റ പൂർത്തിയാക്കണമെന്ന് മേയർ പ്രസന്ന ഏണസ്റ്റ് ആവശ്യപ്പെട്ടു.

ജില്ലയിലെ കല്ലട ഡാമിന്റെ മൂന്ന് ഷട്ടറുകളും 30 സെന്റീമീറ്റർ വീതം ഉയർത്തി.

ആവശ്യമെങ്കിൽ ഇത് 60 സെന്റീമീറ്ററാക്കും. എല്ലാ താലൂക്ക് തഹസിൽദാർമാരും 24 മണിക്കൂർ ഡ്യൂട്ടിയിലാണ്.

പത്തനാപുരം താലൂക്കിലെ പട്ടാഴി വടക്ക് വില്ലേജിൽ ഒരു ദുരിതാശ്വാസ ക്യാമ്പ് തുറന്നു. മരങ്ങൾ വീണത് മുറിച്ചുനീക്കി ഗതാഗതം പുനസ്ഥാപിച്ചു.

കോവിഡ് സ്ഥിതി വിവരവും യോഗം വിലയിരുത്തവെ ടി.പി.ആർ കുറഞ്ഞുവരുന്ന പ്രവണതയാണ് നിലനിൽക്കുന്നത് ഡെപ്യൂട്ടി ഡി.എം.ഒ ഡോ. ആർ സന്ധ്യ അറിയിച്ചു.

എല്ലാ പഞ്ചായത്തുകളിലും കോവിഡ് ജാഗ്രത വിവരങ്ങൾ കൃത്യമായി നൽകുന്നുണ്ട്.

സ്കൂളുകളിലും കോളേജുകളിലും പ്രവർത്തിക്കുന്ന ഡി.സി.സി, സി.എഫ്.എൽ.ടി.സികൾ മാറ്റുന്നത് പുരോഗമിക്കുന്നുണ്ടെന്ന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ അറിയിച്ചു.

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാരും വാർഡുതല ആർ.ആർ.ടികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ടെന്ന് യോഗത്തെ അറിയിച്ചു. ജില്ലയിൽ ആദ്യ ഡോസ് വാക്സിനേഷൻ 92.4 ശതമാനമായി. 44 ശതമാനം പേർക്കാണ് രണ്ടാം ഡോസ് വാക്സിൻ നൽകിയത്. ഈ ആഴ്ചയിൽ ക്വാറന്റൈൻ ലംഘിച്ചതിന് 85 കേസുകൾ സിറ്റിപോലീസ് പരിധിയിലും 238 എണ്ണം റൂറൽ പൊലീസ് പരിധിയിലും രജിസ്റ്റർ ചെയ്തിട്ടുള്ളതായി ജില്ലാ പോലീസ് മേധാവിയുടെ പ്രതിനിധികൾ അറിയിച്ചു.

47 സെക്ടർ മജിസ്ട്രേറ്റുമാർ നടത്തിയ പരിശോധനയിൽ 114 കേസുകളെടുത്തു. കോവിഡ് ബാധിച്ച് മരണപ്പെടുന്നവരുടെ സർട്ടിഫിക്കറ്റ് കാലതാമസമില്ലാതെ അനന്തരാവകാശികൾക്ക് അനുവദിക്കണമെന്ന് കലക്ടർ നിർദ്ദേശിച്ചു.

സബ് കലക്ടർ ചേതൻ കുമാർ മീണ, എ. ഡി. എം. എൻ. സാജിതാ ബീഗം, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.